# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എടത്തല ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി5)-1802/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 07/02/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടത്തല ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എടത്തല ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടത്തല ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി5)-1802/2021 തീയ്യതി: 07/02/2022

## എറണാകുളം ജില്ലയിലെ എടത്തല ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ എടത്തല ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.കെ.എ.ഷാജിമോൻ | ഡെപ്യൂട്ടി ഡയറക്ടർ | 18-11-2021 | 30-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-11-2021 | 30-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. മിനു.പി.കെ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ),
ശ്രീമതി.സുസ്മിത. കെ. വി ,ഓഡിറ്റ് ഓഫീസർ,
ശ്രീമതി.ഷൈബി.ഇ.ഡി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീമതി.ബബിത ബി. കുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീമതി.കവിത.എസ്.കണ്ണൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സാജിത അബ്ബാസ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി. ആരതി ബാബു (അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്) | സെക്രട്ടറി | 01-04-2019 | 27-06-2019 |
| ശ്രീ.കെ.സി.ജയൻ | സെക്രട്ടറി | 28-06-2019 | 10-07-2019 |
| ശ്രീമതി. ആരതി ബാബു (അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്) | സെക്രട്ടറി | 11-07-2019 | 04-08-2019 |
| ശ്രീമതി.അതിദി ദേവി. | സെക്രട്ടറി | 05-08-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. ശ്രീകല.വി.എസ്. | മെഡിക്കൽ ഓഫീസർ പി.എച്ച്.സി, എടത്തല | 01-04-2019 | 31-03-2020 |
| ഡോ. സിമി.എൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ശ്രീ. അരുൺകുമാർ.എൻ.കെ | വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (എടത്തല)) | 01-04-2019 | 31-03-2020 |
| ശ്രീ. മനോജ്.ടി.ആർ | വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (കുഴിവേലിപ്പടി) | 01-04-2019 | 31-03-2020 |
| ശ്രീമതി. ആൻസി സെബാസ്റ്റ്യൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ലത.ഇ.വി. | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. സ്മിത റാണി.എം.എസ്. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ. ഷെഹർബാൻ.പി.എം. | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| യൂസഫ്.കെ.എ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി.സഹീറ.എം.എ | ഡയറി എക്സ്റ്റൻഷൻ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീമതി. ആരതി ബാബു | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |

.

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shaiby.E.D (Asst. Audit Officer, On 26-11-2021)<br>Last Updated By: Joby George (Computer Assistant, On 02-02-2022) | 1-1 |
| 2 | ബജറ്റ് ഡോക്യുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല<br>Written By: Shaiby.E.D (Asst. Audit Officer, On 26-11-2021)<br>Last Updated By: Joby George (Computer Assistant, On 02-02-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രിക<br>Written By: Shaiby.E.D (Asst. Audit Officer, On 23-11-2021)<br>Last Updated By: Bindu L (Computer Assistant, On 17-01-2022) | 1-2 |
| 4 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ<br>Written By: Shaiby.E.D (Asst. Audit Officer, On 29-11-2021)<br>Last Updated By: Bindu L (Computer Assistant, On 17-01-2022) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം<br>Written By: Shaiby.E.D (Asst. Audit Officer, On 29-11-2021)<br>Last Updated By: Joby George (Computer Assistant, On 02-02-2022) | 1-3 |
| 6 | ഗ്രാന്റ് വിനിയോഗം<br>Written By: Shaiby.E.D (Asst. Audit Officer, On 25-11-2021)<br>Last Updated By: Joby George (Computer Assistant, On 02-02-2022) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: Shaiby.E.D (Asst. Audit Officer, On 24-11-2021)<br>Last Updated By: Bindu L (Computer Assistant, On 17-01-2022) | 1-5 |
| 8 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: Shaiby.E.D (Asst. Audit Officer, On 22-11-2021)<br>Last Updated By: Bindu L (Computer Assistant, On 18-01-2022) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Shaiby.E.D (Asst. Audit Officer, On 23-11-2021)<br>Last Updated By: Joby George (Computer Assistant, On 02-02-2022) | 1-7 |
| 10 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Kavitha S Kannan (Senior Grade Auditor, On 29-11-2021)<br>Last Updated By: Bindu L (Computer Assistant, On 18-01-2022) | 1-8 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Shaiby.E.D (Asst. Audit Officer, On 26-11-2021)<br>Last Updated By: Bindu L (Computer Assistant, On 18-01-2022) | 1-9 |
| 12 | ഗ്രാമസഭ<br>Written By: P.K.Minu (Audit Officer, On 27-11-2021)<br>Last Updated By: Bindu L (Computer Assistant, On 18-01-2022) | 1-10 |
| 13 | ആഭ്യന്തര നിയന്ത്രണം<br>Written By: P.K.Minu (Audit Officer, On 27-11-2021)<br>Last Updated By: Bindu L (Computer Assistant, On 18-01-2022) | 1-11 |
| 14 | സഞ്ചയയിൽ വിവരങ്ങൾ തെറ്റായി രേഖപ്പെടുത്തി നികുതി നിർണയിച്ചു<br>Written By: Kavitha S Kannan (Senior Grade Auditor, On 29-11-2021)<br>Last Updated By: Joby George (Computer Assistant, On 01-02-2022) | 1-12 |
| 15 | ശാന്തിഗിരി ആശ്രമം - വസ്തു നികുതി നിർണയം പുനപരിശോധിക്കേണ്ടതാണ്<br>Written By: Kavitha S Kannan (Senior Grade Auditor, On 29-11-2021)<br>Last Updated By: Joby George (Computer Assistant, On 01-02-2022) | 1-13 |
| 16 | ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല<br>Written By: Kavitha S Kannan (Senior Grade Auditor, On 29-11-2021)<br>Last Updated By: Joby George (Computer Assistant, On 01-02-2022) | 1-14 |
| 17 | സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല<br>Written By: Kavitha S Kannan (Senior Grade Auditor, On 29-11-2021)<br>Last Updated By: Joby George (Computer Assistant, On 01-02-2022) | 1-15 |

| | | |
|---|---|---|
| 18 | ട്രേഡേഴ്സ് ലിസ്റ്റ്/ഡിമാന്റ് രജിസ്റ്റർ-തയ്യാറാക്കുന്നില്ല<br>Written By: Kavitha S Kannan (Senior Grade Auditor, On 29-11-2021)<br>Last Updated By: Joby George (Computer Assistant, On 01-02-2022) | 1-16 |
| 19 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ്-അപാകതകൾ<br>Written By: Kavitha S Kannan (Senior Grade Auditor, On 29-11-2021)<br>Last Updated By: Joby George (Computer Assistant, On 01-02-2022) | 1-17 |
| 20 | വാടകയിനത്തിൽ വരവില്ല<br>Written By: Kavitha S Kannan (Senior Grade Auditor, On 29-11-2021)<br>Last Updated By: Joby George (Computer Assistant, On 01-02-2022) | 1-18 |
| 21 | രജിസ്റ്ററുകളിൽ കൃത്യമായ രേഖപ്പെടുത്തൽ നടത്തുന്നില്ല.<br>Written By: P.K.Minu (Audit Officer, On 29-11-2021)<br>Last Updated By: Joby George (Computer Assistant, On 01-02-2022) | 1-19 |
| 22 | ദുരിതാശ്വാസനിധി -പണമിടപാടുകളില്ല<br>Written By: Babitha B Kumar (Senior Grade Auditor, On 26-11-2021)<br>Last Updated By: Joby George (Computer Assistant, On 01-02-2022) | 1-20 |
| 23 | പാലിയേറ്റീവ് പരിചരണ പദ്ധതി -അപാകതകൾ<br>Written By: Shaiby.E.D (Asst. Audit Officer, On 28-11-2021)<br>Last Updated By: Joby George (Computer Assistant, On 01-02-2022) | 1-21 |
| 24 | പാലിയേറ്റീവ് പരിചരണത്തിന് ഉപകരണങ്ങൾ വാങ്ങൽ-അപാകതകൾ<br>Written By: Shaiby.E.D (Asst. Audit Officer, On 28-11-2021)<br>Last Updated By: Joby George (Computer Assistant, On 01-02-2022) | 1-22 |
| 25 | ക്യാൻസർ നിയന്ത്രണ പരിപാടി -അപാകതകൾ<br>Written By: Shaiby.E.D (Asst. Audit Officer, On 28-11-2021)<br>Last Updated By: Joby George (Computer Assistant, On 01-02-2022) | 1-23 |
| 26 | മൃഗസംരക്ഷണമേഖലയിലെ പദ്ധതികൾ-പൊതു അപാകതകൾ<br>Written By: K.V.Susmitha (Audit Officer, On 28-11-2021)<br>Last Updated By: Joby George (Computer Assistant, On 01-02-2022) | 1-24 |
| 27 | കറവ പശു  വളർത്തൽ പദ്ധതി - നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: K.V.Susmitha (Audit Officer, On 28-11-2021)<br>Last Updated By: Joby George (Computer Assistant, On 01-02-2022) | 1-25 |
| 28 | അങ്കണവാടി പോഷകാഹാരം -സ്റ്റോക്, ഇഷ്യൂ വിവരങ്ങൾ കൃത്യമല്ല<br>Written By: K.V.Susmitha (Audit Officer, On 28-11-2021)<br>Last Updated By: Joby George (Computer Assistant, On 01-02-2022) | 1-26 |
| 29 | എസ്.സി.ബാലവാടിക്ക് ഭക്ഷ്യവസ്തുക്കൾ ലഭ്യമായതിന്റെ രേഖകളില്ല.<br>Written By: K.V.Susmitha (Audit Officer, On 28-11-2021)<br>Last Updated By: Joby George (Computer Assistant, On 01-02-2022) | 1-27 |
| 30 | അങ്കണവാടി പൂരക പോഷകാഹാരം പദ്ധതികൾ : മോണിട്ടറിംഗ് കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: K.V.Susmitha (Audit Officer, On 29-11-2021)<br>Last Updated By: Joby George (Computer Assistant, On 01-02-2022) | 1-28 |
| 31 | ജീവിതശൈലി രോഗങ്ങളുടെ പരിശോധന മൊബൈൽ യൂണിറ്റുകൾ പദ്ധതി -അപാകതകൾ<br>Written By: K.V.Susmitha (Audit Officer, On 27-11-2021)<br>Last Updated By: Joby George (Computer Assistant, On 01-02-2022) | 1-29 |
| 32 | എസ്.സി.വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണപദ്ധതി-അപാകതകൾ<br>Written By: K.V.Susmitha (Audit Officer, On 26-11-2021)<br>Last Updated By: Joby George (Computer Assistant, On 01-02-2022) | 1-30 |
| 33 | കോഴ്സ് പൂർത്തീകരിച്ചതിനുശേഷം ലാപ്ടോപ്പ് അനുവദിച്ചു<br>Written By: K.V.Susmitha (Audit Officer, On 26-11-2021)<br>Last Updated By: Joby George (Computer Assistant, On 01-02-2022) | 1-31 |
| 34 | കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട്-വ്യവസ്ഥകൾ പാലിച്ചില്ല<br>Written By: K.V.Susmitha (Audit Officer, On 28-11-2021) | 1-32 |

| | | |
|---|---|---|
| | Last Updated By: Joby George (Computer Assistant, On 01-02-2022) | |
| 35 | മാലിന്യ സംസ്കരണപദ്ധതികൾ നടപ്പിലാക്കിയില്ല<br>Written By: K.V.Susmitha (Audit Officer, On 29-11-2021)<br>Last Updated By: Joby George (Computer Assistant, On 01-02-2022) | 1-33 |
| 36 | എസ്.സി മേൽക്കൂര ബലപ്പെടുത്തൽ പദ്ധതി -അപാകതകൾ<br>Written By: K.V.Susmitha (Audit Officer, On 29-11-2021)<br>Last Updated By: Joby George (Computer Assistant, On 01-02-2022) | 1-34 |
| 37 | LED തെരുവ് വിളക്ക് സ്ഥാപിക്കൽ – അപാകതകൾ<br>Written By: Babitha B Kumar (Senior Grade Auditor, On 29-11-2021)<br>Last Updated By: Raj N.C (Computer Assistant, On 05-02-2022) | 1-35 |
| 38 | ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല -തുക തടസ്സപ്പെടുത്തുന്നു<br>Written By: Babitha B Kumar (Senior Grade Auditor, On 29-11-2021)<br>Last Updated By: Joby George (Computer Assistant, On 01-02-2022) | 1-36 |
| 39 | ഗ്യാസ് ക്രമറ്റോറിയം -പദ്ധതി പൂർത്തീകരിച്ചില്ല<br>Written By: Babitha B Kumar (Senior Grade Auditor, On 29-11-2021)<br>Last Updated By: Joby George (Computer Assistant, On 01-02-2022) | 1-37 |
| 40 | പൊതുടാപ്പുകളുടെ വെള്ളക്കരം -ചെലവ് കുറയുന്നില്ല<br>Written By: Babitha B Kumar (Senior Grade Auditor, On 29-11-2021)<br>Last Updated By: Joby George (Computer Assistant, On 01-02-2022) | 1-38 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം<br>Written By: Shaiby.E.D (Asst. Audit Officer, On 23-11-2021)<br>Last Updated By: Joby George (Computer Assistant, On 02-02-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം<br>Written By: Shaiby.E.D (Asst. Audit Officer, On 29-11-2021)<br>Last Updated By: Joby George (Computer Assistant, On 02-02-2022) | 4-2 |
| 3 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Shaiby.E.D (Asst. Audit Officer, On 26-11-2021)<br>Last Updated By: Joby George (Computer Assistant, On 02-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ<br>Written By: Shaiby.E.D (Asst. Audit Officer, On 23-11-2021)<br>Last Updated By: Joby George (Computer Assistant, On 02-02-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Shaiby.E.D (Asst. Audit Officer, On 24-11-2021)<br>Last Updated By: Joby George (Computer Assistant, On 02-02-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Shaiby.E.D (Asst. Audit Officer, On 24-11-2021)<br>Last Updated By: Joby George (Computer Assistant, On 02-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Shaiby.E.D (Asst. Audit Officer, On 30-11-2021)<br>Last Updated By: Joby George (Computer Assistant, On 02-02-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Shaiby.E.D (Asst. Audit Officer, On 26-11-2021)<br>Last Updated By: Joby George (Computer Assistant, On 02-02-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Shaiby.E.D (Asst. Audit Officer, On 26-11-2021)<br>Last Updated By: Joby George (Computer Assistant, On 02-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |

| | | |
|---|---|---|
| | Written By: K.V.Susmitha (Audit Officer, On 29-11-2021)<br>Last Updated By: Raj N.C (Computer Assistant, On 07-02-2022) | |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Shaiby.E.D (Asst. Audit Officer, On 25-11-2021)<br>Last Updated By: Joby George (Computer Assistant, On 02-02-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 01.03.2019 ലെ 1(1)നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 23.03.2020 ലെ 1(1) തീരുമാന പ്രകാരവും ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 2019-20 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് | ബജറ്റ്(റിവൈസ്ഡ്) | വാർഷിക ധനകാര്യ പത്രിക പ്രകാരം |
|---|---|---|---|
| മുന്നിരിപ്പ് | 4862698 | 3116118 | 83654188 |
| വരവ് | 228859500 | 217298500 | 130078746 |
| ആകെ | 233722198 | 248414618 | 213732934 |
| ചെലവ് | 231075630 | 235503240 | 122680252 |
| നീക്കിയിരിപ്പ് | 2646568 | 12911378 | 91052682 |

ബജറ്റ് പ്രകാരവും വാർഷിക ധനകാര്യപത്രിക പ്രകാരവുമുള്ള യഥാർത്ഥ വരവ് ചെലവുകൾ പരിശോധിച്ചാൽ ഇവ തമ്മിൽ വലിയ അന്തരമുണ്ടെന്ന് വ്യക്തമാണ്. ബജറ്റ് തയ്യാറാക്കുമ്പോൾ യഥാർത്ഥ വരവു ചെലവുകളുമായി പൊരുത്തപ്പെടുത്തി തയ്യാറാക്കേണ്ടതാണ്.

### 1-1-1 ബജറ്റ് ഡോക്യുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 14.02.2019 തീയതിയിൽ തന്നെ ബജറ്റ് തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് ഫയൽ പരിശോധിച്ചതിൽ ഘടക സ്ഥാപനങ്ങൾക്കാവശ്യമായ തുകകളുടെ വിവരം ശേഖരിച്ചിട്ടുണ്ട്. എങ്കിലും പ്രീ ബജറ്റ് മീറ്റിംഗ് നടത്തിയതായി കാണുന്നില്ല.

ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകതകൾ താഴെ ചേർക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ 18.11.2021 ലെ 1ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

1. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02.12.2016 ലെ ജി.ഒ.(ആർ.ടി.)3291/2016 നമ്പരായി പ്രസിദ്ധീകരിച്ച ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വലിലെ ഖണ്ഡിക 3.1.4, 3.1.5 എന്നിവ പ്രകാരം തയ്യാറാക്കേണ്ട പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല.

2. ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയിട്ടില്ല. കൂടാതെ, വർഷാവസാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബജറ്റിന്റെ വാർഷിക അവലോകനവും (ഖണ്ഡിക 4.5) നടത്തിയതായി രേഖപ്പെടുത്തലില്ല.

3. ബജറ്റ് മാന്വലിലെ ഖണ്ഡിക 4.6 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് ആ സാമ്പത്തിക വർഷം ഏപ്രിൽ 30 ന് മുമ്പായ് പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തേണ്ടതാണ്. 2019-20 ലെ പഞ്ചായത്ത് ബജറ്റ് 2019 ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയതായി കാണുന്നില്ല.

4. നിലവിൽ ബജറ്റിന്റെ നിർവ്വഹണം പരിശോധിക്കുന്നതിന് അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ പ്രകാരം സാധ്യമാകുന്നില്ല. അതിനാൽ ബജറ്റ് അലോട്ട്മെന്റിൽ അധികരിച്ച് ചെയ്യുന്ന ചെലവുകൾ നിയന്ത്രിക്കുന്നതിനോ, ബജറ്റ് അലോട്ട്മെന്റ് ഇല്ലാത്ത ഇനങ്ങൾക്ക് ചെലവ് ചെയ്യുന്നത് തടയുന്നതിനോ നിലവിൽ സാധിക്കുന്നില്ല. അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറായ സാംഖ്യയുമായി ബജറ്റ് ലിങ്ക് ചെയ്യിട്ടില്ലാത്തതിനാൽ ഗ്രാമ പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനുള്ള ഒരു ക്രമീകരണമായിട്ട് ബജറ്റ് പ്രവർത്തിക്കുന്നതിനും നിലവിൽ സാധിച്ചിട്ടില്ല.

ബജറ്റിന്റെ രൂപീകരണത്തിലും നിർവ്വഹണത്തിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറുമായി ബജറ്റ് ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 09.06.2020 |

എടത്തല ഗ്രാമപഞ്ചായത്തിന്റെ 2019-20 ലെ വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 26.11.2021 ലെ 21ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി പരിഗണിച്ച ശേഷമാണ് ഓഡിറ്റ് നിരീക്ഷണം ചേർത്തിട്ടുള്ളത്.

1) വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്). ഇത് സോഫ്റ്റ്വെയറിലെ അപാകത ആണെന്നും മേലധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും മറുപടി നൽകി.

2) ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 7398494 /- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 20948700/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല. വിഷയം ഐ കെ എം-നെ അറിയിച്ചിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയത്.

3) സഞ്ചയ പ്രകാരമുള്ള കുടിശ്ശിക കെട്ടിട നികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സാംഖ്യ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുത്തുന്നതിനായി 1,58,584/- രൂപ റസിഡെൻഷ്യൽ വസ്തുനികുതി ഇനത്തിലും 1,25,104/- രൂപ നോൺ റസിഡെൻഷ്യൽ വസ്തുനികുതി ഇനത്തിലും ബുക്ക് അഡ്ജസ്റ്റ്മെന്റ് നടത്തിയതായി കാണുന്നു. ഇത്തരത്തിൽ ക്രമീകരിച്ച അഡ്വാൻസ് കളക്ഷനിൽ ഏതേതു കെട്ടിട നമ്പരുമായി ബന്ധപ്പെട്ടതാണെന്ന വിവരം സഞ്ചയയിൽ ലഭ്യമാണെങ്കിലും കൃത്യത ഉറപ്പ് വരുത്തിയിട്ടില്ല.

4) ബാലൻസ് ഷീറ്റ് ബി11 ഷെഡ്യൂൾ പ്രകാരം 17 ഹെഡുകളിലായി ആസ്തികൾ അക്കൗണ്ട് ചെയ്തിട്ടുണ്ട് എങ്കിലും അക്യുമുലേറ്റഡ് ഡിപ്രസിയേഷൻ 10 ഹെഡുകളിലായി ആണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. വിവിധ ഡിപ്രിസിയേഷൻ റേറ്റുകളുള്ള പല ആസ്തികളുടെയും ഡിപ്രിസിയേഷൻ അദർ ഫിക്സഡ് അസറ്റ് എന്ന ഹെഡിലാണ് ചേർത്തിരിക്കുന്നത്.

5) ജോയിന്റ് വെഞ്ചർ-എസ് റ്റി എസ് ബി അക്കൗണ്ടിലെ നീക്കിയിരിപ്പ് 5,36,863/- രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 4 പ്രകാരം ജോയിന്റ് വെഞ്ചർ പദ്ധതികൾക്കായി 2,411,077/- രൂപയാണ് നീക്കിയിരിപ്പ്. സോഫ്റ്റ്വെയറിൽ വെവ്വേറെ ഹെഡ് ലഭ്യമല്ലെന്നാണ് മറുപടി നൽകിയിട്ടുള്ളത്.

6) നിക്ഷേപ പ്രവൃത്തികൾക്കായി വാട്ടർ അതോറിട്ടിക്ക് നൽകിയ തുകയിൽ പ്രൊജക്റ്റ് നമ്പർ 112/20 പ്രകാരം 21,000/- രൂപ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിന് വാട്ടർ അതോറിട്ടിക്ക് നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി പ്രൊജക്റ്റ് പ്രകാരം വാട്ടർ അതോറിട്ടിക്ക് തുക കൈമാറിയിട്ടില്ല. 202/20 നമ്പർ പദ്ധതി പ്രകാരം പൈപ്പ് ലൈൻ എക്സ്റ്റൻഷന് നൽകിയ തുക 21,000/- രൂപ ഈയിനത്തിൽ വാർഷിക ധനകാര്യ പത്രികയിൽ ചേർത്തിട്ടില്ല. പ്രൊജക്റ്റ് നമ്പർ ചേർത്തതിൽ വന്ന ക്ലറിക്കൽ പിഴവാണെന്നാണ് പഞ്ചായത്ത് വിശദീകരിച്ചത്.

7) ഗ്രാന്റ് വിനിയോഗ പത്രികയിലെ അലോട്ട്മെന്റ് തുകകൾ അപ്രോപ്രിയേഷൻകൺട്രോൾ രജിസ്റ്ററിലെ അലോട്ട്മെന്റ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

8) ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിലെ യഥാർത്ഥ ചെലവ് 16,37,494/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യപത്രിക I-6 ഷെഡ്യൂളിൽ 12,37,494/- രൂപയാണ് ചെലവ് ആയി

ചേർത്തിരിക്കുന്നത്. 29.11.2021 ൽ ഇത് ജേണൽ എൻട്രി മുഖേന തിരുത്തിയിട്ടുണ്ടെന്ന് പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്.

9) അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

10) ഭൂമിയുൾപ്പെടെയുള്ള ആസ്തികളുടെ മൂല്യം തിട്ടപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സചിത്ര സോഫ്റ്റ്‌വെയർ സാംഖ്യയുമായി ലിങ്ക് ചെയ്യുന്ന മുറയ്ക്ക് കാലികമാക്കുന്നതാണെന്നാണ് മറുപടി നൽകിയത്.

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | | 83654188.00 |
| ഓഡിറ്റ് വർഷത്തെ വരവ് | : | 130078746.00 |
| ആകെ | | 213732934.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | 122680252.00 |
| നീക്കിയിരിപ്പ് | | 91052682.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2905558.00 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് | ചെലവഴി ക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 20631211 | 20631211 | 13830235* | 0 | 6800976 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 12865294 | 12865294 | 5703698 | 0 | 7161596 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 546000 | 546000 | 240052 | 0 | 305948 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 12221000 | 12221000 | 2879725 | 0 | 9341275 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 5106000 | 5106000 | 2097841 | 0 | 3008159 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 0 | 13171247 | 13171247 | 5740520 | 0 | 7430727 |
| ദുരിതാശ്വാസ നിധി | 1873 | 75 | 1948 | 0 | 1948 | |
| കേന്ദ്രാവിഷ്കൃതഫണ്ട്-അങ്കണവാടി പൂരക പോഷകാഹാരം | 212584 | 1015334 | 1227918 | 468956 | 758962 | |
| സാനിട്ടേഷൻ 320100115 | 747655 | 56 | 747711 | 746261 | 1450 | |
| സംസ്ഥാനാ വിഷ്കൃതഫണ്ട്- | | | | | | |
| വിമുക്തി ഫണ്ട് | 27430 | 3000 | 30430 | 0 | 30430 | |
| സാക്ഷരത | 40131 | 1381 | 41512 | 0 | 41512 | |
| ശുചിത്വമിഷൻ 320200322 | 2425473 | 0 | 2425473 | 309936 | 2115537 | |
| എം എൻ ലക്ഷം വീട് | 1190215 | 50638 | 1240853 | 6427 | 1234426 | |
| 320400199 Chiak Fund | 5724 | 0 | 5724 | 5724 | 0 | |

*573529/-രൂപ ജി ഒ പ്രോജക്ടിൽ ചെലവ് വന്നിട്ടുണ്ട്.

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവഴി | ചെലവഴി |
|---|---|---|---|---|

| | പ്രകാരം വരവ് | | ക്കാതെ ലാപ്സായ തുക | ക്കാതെ ലാപ്സായ തുകയുടെ ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 20631211 | 13830235 | 6800976 | 32.9 % |
| വികസന ഫണ്ട് (എസ്.സി.പി) | 12865294 | 5703698 | 7161596 | 55.6% |
| വികസനഫണ്ട് (ടി.എസ്.പി) | 546000 | 240052 | 305948 | 56 % |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 12221000 | 2879725 | 9341275 | 76.4% |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 5106000 | 2097841 | 3008159 | 58.9% |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 13171247 | 5740520 | 7430727 | 56.4% |

2019-20 സാമ്പത്തിക വർഷം ബജറ്റ് പ്രകാരം പഞ്ചായത്തിന് അനുവദിച്ച ഗ്രാന്റുകളിൽ ഭൂരിഭാഗവും ചെലവഴിക്കാതെ ലാപ്സായി പോയതായി കണക്കുകൾ സൂചിപ്പിക്കുന്നു. സംരക്ഷണ ഗ്രാന്റ് (റോഡ്) 76.4 ശതമാനവും തൻവർഷം ചെലവഴിച്ചിട്ടില്ല. ഏറ്റവും കൂടുതൽ പ്രയോജനപ്പെടുത്തിയ ഫണ്ട് വികസന ഫണ്ട് (സാധാരണ വിഹിതം) ആണെങ്കിലും ഇത് തന്നെ 67.1 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ട ഗ്രാന്റ് നഷ്ടപ്പെടുത്തുന്നത് ആശാസ്യമല്ല. ഓരോ വർഷവും ഗ്രാന്റായി ലഭിക്കുന്ന തുകയുപയോഗിച്ച് ഗ്രാമപഞ്ചായത്തിൽ യഥാസമയം പ്രോജക്ടുകൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് ഭരണ സമിതി പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 275 | 162453601 | 131 | 51357515 | 10 | 134 | 47.6% |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 5599 | 966898 | 972497 | 968754 | 3743 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | | 11656041 | 11656041 | 11656041 | |
| ആകെ | 5599 | 12622939 | 12628538 | 12624795 | 3743 |

1,000/-രൂപ ഒരു ഗുണഭോക്താവിന് ഇൻസെന്റീവ് ഇനത്തിൽ നൽകിയത് തിരികെ അക്കൌണ്ടിൽ വന്നതിനാൽ മുൻബാക്കി പാസ്ബുക്കിൽ 6,599/- ആണ് ഉള്ളത്. ഈ തുക ഗുണഭോക്താവിന് തൻവർഷം നൽകിയിട്ടുണ്ട്. ഇത് വിനിമയത്തിൽ പ്രതിഫലിച്ചിട്ടുണ്ടെങ്കിലും ഖണ്ഡികയിൽ ചെലവായി ചേർത്തിട്ടില്ല. 100 തൊഴിൽദിനം പൂർത്തിയാക്കിയതിന് 3,16,000/- രൂപ ഇൻസെന്റീവ് ഇനത്തിലും ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയിട്ടുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽ രഹിത വേതനം | 19200 | 12 |
| കർഷകതൊഴിലാളി പെൻഷൻ | 2090400 | 338 |
| വിധവാപെൻഷൻ | 8566800 | 1372 |
| വാർദ്ധക്യകാലപെൻഷൻ | 13953300 | 2323 |
| വികലാംഗപെൻഷൻ | 2804800 | 475 |
| അവിവാഹിത-50 വയസ്സിന് മുകളിൽ | 176400 | 22 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 120000 | 4 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.11.2021 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20,976/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 05.06.2021 മുതൽ 06.06.2021 വരെ | 01.08.2020 മുതൽ 30.09.2020 വരെ | 16.11.2020 |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.02.2018 മുതൽ 26.02.2018 വരെ | 2012-13 മുതൽ 2016-17 വരെ | 16.04.2018 |

## 1-10 ഗ്രാമസഭ

പഞ്ചായത്തിലെ 21 വാർഡുകളിലും ഗ്രാമസഭകൾ കേരള പഞ്ചായത്ത് രാജ് നിയമം അനുശാസിക്കുന്ന ഇടവേളകളിൽ ചേർന്നിട്ടില്ല. ഗ്രാമസഭ മിനിറ്റ്സുകൾ പരിശോധിച്ചതിൽ 2019-20 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ഗ്രാമസഭകൾ 11/2018 ൽ ചേർന്നു. ഇതിനുശേഷം 02/2019ൽ പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി ഗ്രാമസഭ ചേർന്നു. പിന്നീട് ഗ്രാമസഭ ചേർന്നത് 08/2019 ലാണ്. അടുത്ത ഗ്രാമസഭ 02/2020 ൽ 2020-21 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ചേർന്നിട്ടുള്ളതാണ്. 2020-21 വർഷത്തിൽ ഗ്രാമസഭകൾ കൃത്യമായി ചേരാൻ സാധിക്കാതെ പോയത് കോവിഡ് സാഹചര്യം മൂലമാണെന്ന വസ്തുത അംഗീകരിച്ചാൽ തന്നെയും, 2019-20 വർഷത്തിൽ 08/2019, 02/2020 എന്നീ മാസങ്ങളിലായി ആകെ രണ്ട് ഗ്രാമസഭകൾ മാത്രമാണ് ചേർന്നിട്ടുള്ളത്. ജനകീയാസൂത്രണത്തിന്റെ നട്ടെല്ല് എന്ന വിശേഷിപ്പിക്കാവുന്നത്ര പ്രാധാന്യം ഗ്രാമസഭകൾക്കുണ്ടെന്നിരിക്കെ, വ്യക്തമായ അഭിപ്രായ രൂപീകരണത്തിനും, മോണിട്ടറിംഗിനും ഗ്രാമസഭകളെ ഉപയോഗപ്പെടുത്തുന്നതിനും കൃത്യമായ ഇടവേളകളിൽ ഗ്രാമസഭകൾ ചേരുന്നതിനും, ജനപ്രതിനിധികൾ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-11 ആഭ്യന്തര നിയന്ത്രണം

എടത്തല പഞ്ചായത്തിൽ ഓഫീസ് മീറ്റിംഗുകൾ എല്ലാമാസവും കൂടുകയും സെക്ഷൻ തിരിച്ചുള്ള വർക്ക് ഡിസ്ട്രിബ്യൂഷൻ മിനുറ്റ്സിൽ രേഖപ്പെടുത്തി പോരുകയും ചെയ്യുന്നുണ്ട്. പഞ്ചായത്തിൽ നിന്നും സേവനങ്ങൾ ആവശ്യപ്പെട്ട് എത്തുന്ന പൊതുജനങ്ങൾക്ക് ഇരിക്കാൻ വേണ്ടത്ര സൗകര്യം ഒരുക്കുന്നതിന്

സാധിച്ചിട്ടില്ല. സ്ഥലപരിമിതിയാണ് ഇക്കാര്യത്തിൽ വിഘാതമായി നിൽക്കുന്നത്.

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും സേവനങ്ങൾക്കും ലൈസൻസ്

ഫാക്ടറികൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും സേവനങ്ങൾക്കും ലൈസൻസ് നൽകലുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും അപേക്ഷകളും എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി മികച്ച രീതിയിൽ സൂക്ഷിക്കുന്നുണ്ട്. രജിസ്റ്ററുകളും അപേക്ഷകളും സൂപ്പർവൈസിംഗ് ഓഫീസർമാർ ആധികാരികമാക്കുന്നുണ്ട്.

വൗച്ചറുകളുടെ സൂക്ഷിപ്പ്

സാംഖ്യയിൽ നിന്നുള്ള പെയ്മെന്റ് വൗച്ചറുകൾ എല്ലാം ഓഡിറ്റിന് ലഭ്യമാക്കിയില്ല. പെയ്മെന്റ് നടന്നിട്ടുള്ളതിന്റെ ഫണ്ടിനം ഏത് എന്ന് വ്യക്തമാകുന്നതിന് സാംഖ്യയിൽ നിന്നുള്ള പെയ്മെന്റ് വൗച്ചറുകൾ ആവശ്യമാണെന്നിരിക്കെ അവ വൗച്ചറിന്റെ ഫയലുകളിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. പെയ്മെന്റ് വൗച്ചറുകൾ ഫയലിൽ സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് രേഖകൾ സൂക്ഷിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് വരുമാനങ്ങളിൽ പ്രധാനപ്പെട്ട ഒരിനമാണ് തൊഴിൽ നികുതി. ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ അവശ്യം വേണ്ട ഒന്നാണ് തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ എന്നിരിക്കെ, എടത്തല ഗ്രാമപഞ്ചായത്തിൽ 2019-20 ൽ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. 2020-21 ലേത് ഭാഗികമായാണ് തയ്യാറാക്കിയിട്ടുള്ളത്. കൂടാതെ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. വരുമാന പത്രികകൾ രണ്ടാം അർദ്ധവർഷത്തെ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. പഞ്ചായത്തിന് അർഹതപ്പെട്ട തനത് വരുമാനം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും വരുമാന വർദ്ധനവിന് സാധ്യതകളുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനും രേഖകൾ കൃത്യമായി സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

രസീതുകളുടെ പരിപാലനം

മാനുവൽ രസീതുകളുടെ സർട്ടിഫിക്കറ്റ് ഓഫ് അക്കൗണ്ട് പരിശോധന ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ നടത്തിയതായി കാണുന്നില്ല. മാനുവൽ രസീത് ബുക്കുകൾ ഇഷ്യു ചെയ്യുമ്പോൾ അത് സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും ഔദ്യോഗിക പദവിയും പൂർണമായ ഒപ്പും തീയതിയും രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ആയതിന് വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്.

1-12 സഞ്ചയയിൽ വിവരങ്ങൾ തെറ്റായി രേഖപ്പെടുത്തി നികുതി നിർണയിച്ചു

എടത്തല സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ഉടമസ്ഥതയിലുള്ളതും വാണിജ്യാവശ്യത്തിനുള്ളതുമായ ആറ് കെട്ടിടങ്ങൾക്ക് (12 ാം വാർഡ്- 376 D, 376 E, 376 F, 376 G, 376 H, 376 I) 15.06.2016 തീയതി മുതൽ നികുതി നിർണയിച്ചിരുന്നതും തറ വിസ്തീർണത്തിൽ മാറ്റം വന്നതിനാൽ അവയിൽ 376H, 376E, 376F, 376I എന്നീ നാല് കെട്ടിടങ്ങൾക്ക് 05.10.2016 പ്രാബല്യത്തിൽ നികുതി പുതുക്കി നിശ്ചയിച്ചിട്ടുള്ളതുമാണ് (അസസ്മെന്റ് രജിസ്റ്റർ-പേജ് 4) 376-E (GF), 376-F (FF) എന്നീ കെട്ടിടങ്ങളുടെ നികുതി നിരക്കും ഉപയോഗക്രമവും സഞ്ചയയിൽ രേഖപ്പെടുത്തിയതിലും തുടർന്ന് നികുതി നിർണയിച്ചതിലും താഴെപ്പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

376 E

നിർണയിക്കേണ്ടിയിരുന്ന നികുതി (അസസ്മെന്റ് രജിസ്റ്റർ പ്രകാരം )

| | |
|---|---|
| തറവിസ്തീർണം | 331.30m$^2$ (262.89+68.41) |
| ഉപയോഗക്രമം | കൊമേഴ്സ്യൽ ഷോപ്പ് |
| ച.മീറ്ററിന് നിർണയിക്കേണ്ട നിരക്ക് ** | 80/- |
| അടിസ്ഥാനവസ്തുനികുതി | 331.3*80= 26504.00 |

| | | |
|---|---|---|
| ഇളവ് /വർദ്ധനവ് | - 10%ഇളവ് (മേഖല) =2650.4 | |
| | +20%വർദ്ധനവ്(വഴി) =5300.8 | |
| കെട്ടിടത്തിന് ബാധകമായ വാർഷിക വസ്തു നികുതി | 29154.00 | |

**വസ്തുനികുതി വിജ്ഞാപന പ്രകാരം 200ച.മീറ്ററിന് മുകളിൽ തറവിസ്തീർണമുള്ള കൊമേഴ്സ്യൽ ഷോപ്പുകൾക്ക് 80/-രൂപ നിരക്കിലാണ് നികുതി നിർണയിക്കേണ്ടത്.

നിർണയിച്ച നികുതി (സഞ്ചയ പ്രകാരം)

| | |
|---|---|
| തറവിസ്തീർണം | $69.59m^2$ |
| ഉപയോഗക്രമം | കൊമേഴ്സ്യൽ ഷോപ്പ് |
| ച.മീറ്ററിന് നിർണയിച്ച നിരക്ക് | 40/- |
| അടിസ്ഥാനവസ്തുനികുതി | $69.59m^2$*40=2783.6 |
| ഇളവ് /വർദ്ധനവ് | - 10%ഇളവ് (മേഖല): 278.36 |
| | +20%വർദ്ധനവ്(വഴി): 556.72 |
| കെട്ടിടത്തിന് ബാധകമാക്കിയ വാർഷിക വസ്തു നികുതി | 3062.00 |

376 F

നിർണയിക്കേണ്ടിയിരുന്ന നികുതി (അസസ്മെന്റ് രജിസ്റ്റർ പ്രകാരം )

| | |
|---|---|
| തറവിസ്തീർണം | $228.11m^2$ (191.44+36.67) (FF) |
| ഉപയോഗക്രമം | ബാങ്ക് |
| ച.മീറ്ററിന് നിർണയിക്കേണ്ട നിരക്ക് ** | 80/- |
| അടിസ്ഥാന വസ്തു നികുതി | 228.11* 80= 18248.8 |
| ഇളവ് /വർദ്ധനവ് | -10%ഇളവ്(മേഖല): 1824.8 |
| | +20%വർദ്ധനവ്(വഴി): 3649.76 |
| കെട്ടിടത്തിന് ബാധകമായ വാർഷിക വസ്തു നികുതി*** | = 20073.76 (-)5% =19070.00 |

**വസ്തുനികുതി വിജ്ഞാപന പ്രകാരം 200 ച.മീറ്ററിന് മുകളിൽ തറവിസ്തീർണമുള്ള കൊമേഴ്സ്യൽ ഷോപ്പുകൾക്ക് 80/-രൂപ നിരക്കിലാണ് നികുതി നിർണയിക്കേണ്ടത്.

***ബഹുനില കെട്ടിടങ്ങൾക്കർഹമായ 5% ഇളവിന് ശേഷം നിശ്ചയിച്ച നികുതി

നിർണയിച്ച നികുതി (സഞ്ചയ പ്രകാരം)

| | |
|---|---|
| തറവിസ്തീർണം | $228.11m^2$ (FF) |
| ഉപയോഗക്രമം | ബങ്ക് (വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ മുതലായവ) |
| ച.മീറ്ററിന് നിർണയിച്ച നിരക്ക് | 40/- |
| അടിസ്ഥാന വസ്തു നികുതി | $228.11m^2$*40=9124.4 |
| ഇളവ് /വർദ്ധനവ് | -10%ഇളവ് (മേഖല): 912.44 |
| | +20%വർദ്ധനവ്(വഴി):1824.88 |
| കെട്ടിടത്തിന് ബാധകമാക്കിയ വാർഷിക വസ്തു നികുതി | =10036.84 = (-) 5% =9535.00 (ബഹുനിലകെട്ടിടങ്ങൾക്കുള്ള 5% |

| | |
|---|---|
| | ഇളവിന് ശേഷമുള്ള നികുതി) |

മേൽ കെട്ടിടങ്ങളുടെ നികുതി നിരക്കും ഉപയോഗക്രമവും അസസ്മെന്റ് രജിസ്റ്ററിൽ നിന്ന് ഇപ്രകാരം വ്യത്യസ്തമായി സഞ്ചയയിൽ രേഖപ്പെടുത്തി നികുതി നിർണയിച്ചതിന് വിശദീകരണമാവശ്യപ്പെട്ടതിന് (എൻക്വയറി-8/23.11.21) സഞ്ചയയിൽ ആവശ്യമായ മാറ്റം വരുത്തി നികുതി ഈടാക്കുന്നതാണെന്നറിയിച്ചു. സഞ്ചയയിലെ രേഖപ്പെടുത്തലുകൾ അസസ്മെന്റ് രജിസ്റ്ററിനനുസൃതമായി കൃത്യമാക്കേണ്ടതും 2016-17 സാമ്പത്തിക വർഷം (രണ്ടാം അർദ്ധവർഷം) മുതലുള്ള നികുതി കുടിശ്ശിക കെട്ടിടയുടമയിൽ നിന്നീടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-13 ശാന്തിഗിരി ആശ്രമം - വസ്തു നികുതി നിർണയം പുനപരിശോധിക്കേണ്ടതാണ്

പഞ്ചായത്തിൽ 5 -ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ശാന്തിഗിരി ആശ്രമത്തിന്റെ വസ്തുനികുതി താഴെപ്പറയും വിധമാണ് പഞ്ചായത്ത് നിർണയിച്ചിട്ടുള്ളത്.

പട്ടിക-1(ഫോം-6 അടിസ്ഥാനത്തിലുള്ളത്)

| | | |
|---|---|---|
| 1 | 5/480 | പാർപ്പിടം (53.61$m^2$)GF |
| 2 | 5/481 | പാർപ്പിടം (116.3$m^2$)GF |
| 3 | 5/482 | പാർപ്പിടം (146.2$m^2$)GF |
| 4 | 5/483 | അസംബ്ലി കെട്ടിടം (423.6$m^2$)GF , (271.64$m^2$)FF |
| 5 | 5/484 | പാർപ്പിടം(92$m^2$)GF |
| 6 | 5/485 | പാർപ്പിടം(365.1$m^2$)GF |
| 7 | 5/486 | ഓഫീസ്(251.91$m^2$)GF |
| 8 | 5/487 | ആയുർവേദ ചികിത്സ കേന്ദ്രം (542.26$m^2$)GF, (286.64$m^2$)FF |
| 9 | 5/488 | പാർപ്പിടം (793.34$m^2$)GF |
| 10 | 5/489 | പാർപ്പിടം (112.46$m^2$)GF, (112.46$m^2$)FF |
| 11 | 5/491 | ലോഡ്ജ് (588.76$m^2$)GF |
| 12 | 5/492 | പാർപ്പിടം (83.68$m^2$)GF,(83.68$m^2$)FF |
| 13 | 5/495 | ആഡിറ്റോറിയം (656.86$m^2$)FF |

എന്നാൽ 19.11.2021 ൽ പ്രസ്തുത സ്ഥലം നേരിട്ട് സന്ദർശിച്ചതിൽ താഴെപ്പറയും വിധം 14 കെട്ടിടങ്ങൾ അവിടെ ഉള്ളതായി ഓഡിറ്റ് ടീമിന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

പട്ടിക-2

| | | |
|---|---|---|
| 1 | ഓഡിറ്റോറിയം | ഒന്നാം നില |
| 2 | ആയുർവേദ സുഖചികിത്സ കേന്ദ്രം | ഇരു നില |
| 3 | ഓഫീസ് | ഗ്രൌണ്ട് ഫ്ലോർ |
| 4 | ആയുർവേദ കേന്ദ്രത്തിന് സമീപം | ഇരു നില കെട്ടിടം |
| 5 | ബിഷപ്പ് ഹൌസ് | ഇരു നില |
| 6 | ഗസ്റ്റ് ഹൌസ് | ഇരു നില |
| 7 | സക്കറിയാസ് മാർ തിയോഫിലസ് മ്യൂസിയം | ഒറ്റ നില |
| 8 | ധ്യാനാലയം | മൂന്ന് നില |

| | | |
|---|---|---|
| 9 | കോട്ടേജ് | ഒറ്റ നില |
| 10 | മ്യൂസിയത്തിന് സമീപം | ഒറ്റ നില കെട്ടിടം |
| 11 | ആശ്രമം | ധ്യാനാലയത്തിന് മുമ്പിൽ , ഇരു നില |
| 12 | ആശ്രയ ക്ലിനിക്ക് | ഒറ്റ നില |
| 13 | മെസ് | ഓടിട്ട കെട്ടിടം |
| 14 | ഓപ്പൺ ഹാൾ | ഷീറ്റിട്ടത് |

പഞ്ചായത്ത് നികുതി നിർണയിച്ച വിവരങ്ങളും സ്ഥലപരിശോധനയിൽ കണ്ട് ബോദ്ധ്യപ്പെട്ട വിവരങ്ങളും താരതമ്യം ചെയ്തതിന്റെ അടിസ്ഥാനത്തിലുള്ള പരാമർശങ്ങൾ താഴെപ്പറയുന്നു.

1) എട്ട് കെട്ടിടങ്ങളെ (ക്രമ.നം-1,2,3,5,6,9,10,12:പട്ടിക-1) താമസാവശ്യത്തിനുള്ള വീടുകളായി പരിഗണിച്ചാണ് പഞ്ചായത്ത് നികുതി നിർണയിച്ചിട്ടുള്ളത്. ഇവയിലെ ആറെണ്ണം ഒറ്റ നില-(GF) ആയാണ് ഫോം 6 ൽ രേഖപ്പെടുത്തി കാണുന്നത് . എന്നാൽ താമസാവശ്യത്തിനുപയോഗിക്കുന്നത് അഞ്ച് കെട്ടിടങ്ങളാണെന്നത് (ക്രമ.നം-4,5,6,9,10:പട്ടിക-2) സ്ഥലം നേരിട്ട് കണ്ടതിൽ വ്യക്തമായിട്ടുണ്ട്. മാത്രമല്ല അവയിൽ മൂന്നെണ്ണം ഇരുനിലയോട് കൂടിയവയുമാണ് (4, 5 ,6- പട്ടിക 2).

2)മാർത്തോമ ശാന്തിഗിരി ആശ്രമത്തിലെ 5/481 ാം നമ്പർ കെട്ടിടം ആയുർവേദ സുഖചികിത്സ കേന്ദ്രമാണ്. ടി കെട്ടിടവും അതിനോട് ചേർന്നുള്ള 5/492 ാം നമ്പർ ഇരുനിലക്കെട്ടിടവും ചേർത്ത് ആയത് നടത്തിവരുന്നത് സജീവ് കുറുപ്പ് എന്ന വ്യക്തിയുടെ നേതൃത്വത്തിലുള്ള പൈതൃകം ഹോസ്പിറ്റാലിറ്റി സർവീസ് ഗ്രൂപ്പാണ്. ആശുപത്രിക്ക് പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ച് വരുന്നതാണ്.(തൻവർഷത്തെ ലൈസൻസ് നമ്പർ:203/19-20). ലൈസൻസിനോടൊപ്പമുള്ള വാടകകരാർ പരിശോധിച്ചതിൽ മേൽ രണ്ട് കെട്ടിടങ്ങളും പത്ത് വർഷത്തേയ്ക്ക് പൈതൃകം ഗ്രൂപ്പിന് ലീസിന് നൽകിയിരിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പാർപ്പിടാവശ്യം എന്ന ഗണത്തിൽ പെടുത്തിയിട്ടുള്ള പല കെട്ടിടങ്ങളും സുഖചികിത്സക്ക് എത്തുന്നവർക്ക് തങ്ങാനായി റൂമൊന്നിന് ആയിരം രൂപയിലധികം വാടക ഈടാക്കി നൽകുന്നവയാണെന്ന് ആശ്രമത്തിന്റെ വെബ്സൈറ്റ് പരിശോധിച്ചാൽ കാണാവുന്നതാണ്. എന്നിട്ടും ലോഡ്ജിംഗ് ഉപയോഗക്രമത്തിൽ പെടുത്താതെ ഇവയെല്ലാം വീട് എന്ന ഗണത്തിലാണ് തുടരുന്നത്.

3) 5/486 ാം നമ്പർ കെട്ടിടത്തിന്റെ (ഓഫീസ്) മേൽക്കൂരയുടെ തരം ഷീറ്റ് എന്ന് രേഖപ്പെടുത്തിയാണ് പഞ്ചായത്ത് നികുതി ഡിമാന്റ് ചെയ്ത് വരുന്നത്. ടി കെട്ടിടത്തിന്റെ മുകളിലാണ് നിലവിൽ ഓഡിറ്റോറിയം എന്നത് ശ്രദ്ധയിൽ പെടുത്തുന്നു. മേൽക്കൂരയിൽ മാറ്റം വരുത്തിയത് പഞ്ചായത്ത് രേഖകളിൽ പ്രതിഫലിച്ചിട്ടില്ല.

3) മ്യൂസിയം, ധ്യാനാലയം, ആശ്രമം, ആശ്രയ ക്ലിനിക്ക് എന്നീ കെട്ടിടങ്ങളെ ഏത് ഗണത്തിൽ പെടുത്തിയാണ്, അവയ്ക്ക് നമ്പർ അനുവദിച്ചതെന്ന് വ്യക്തമല്ല.

4) ഓപ്പൺ ഹാളിന് നമ്പർ അനുവദിച്ചിട്ടില്ല.

മേൽ പരാമർശങ്ങൾക്ക് വിശദീകരണം നൽകേണ്ടതും ആശ്രമത്തിൽ വിശദമായ ഫീൽഡ് പരിശോധന നടത്തി ഉപയോഗക്രമത്തിനും മറ്റ് മാറ്റങ്ങൾക്കും വിധേയമായി മുഴുവൻ കെട്ടിടങ്ങളുടേയും നികുതി പുനർ നിർണയിച്ച് ഡിമാന്റ് ചെയ്യേണ്ടതുമാണ്. വിഷയത്തിൽ പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു

## 1-14 ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല

ചെറുതും വലുതുമായ ധാരാളം നിർമ്മാണ കമ്പനികളും വ്യാപാര സ്ഥാപനങ്ങളും പഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്നുണ്ട്. ലൈസൻസ് പുതുക്കുന്ന വേളയിൽ മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നുണ്ടെങ്കിലും അവയിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ തൊഴിൽ നികുതി എല്ലാ സ്ഥാപനങ്ങളിൽ നിന്നും ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങളിൽ ഒരു അർദ്ധവർഷം 60 ദിവസമോ അതിലധികമോ ദിവസം ജോലിയെടുക്കുന്ന സ്ഥിര, താൽക്കാലിക, ദിവസവേതനക്കാർ എന്നീ ജീവനക്കാർ തൊഴിൽ നികുതി

അടക്കാൻ ബാധ്യസ്ഥരാണ് (കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ സെ.204(1)iiഎ,i) പഞ്ചായത്ത് തൻവർഷം ലൈസൻസ് നൽകിയിട്ടുള്ളതും സ്ഥാപന നികുതി ലൈസൻസ് ഫീസിനൊപ്പം അടവാക്കിയതുമായ സ്ഥാപനങ്ങളിൽ ചുവടെ ചേർക്കും വിധം അനേകം ജീവനക്കാർ പ്രവൃത്തിയെടുക്കുന്നതായി ലൈസൻസ് അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവർക്ക് ബാധകമായ തൊഴിൽ നികുതി നിർണ്ണയിച്ച് ഡിമാന്റ് ചെയ്യിട്ടില്ല.

| നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് നം | ഡി&ഒ അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | ഗ്രീൻ വേംമ്സ് ഇക്കോ സൊല്യൂഷൻസ് ലിമിറ്റഡ് | 433/19-20 | 15 |
| 2 | മോളിക്ക്യൂൾസ് ഡിസൈൻ ഫാക്ടറി ലിമിറ്റഡ് | 434/19-20 | 9 |
| 3 | Gati Kintetsu Express ലിമിറ്റഡ് | 478/19-20 | 26 |
| 4 | അഷ്ടപദി ഹെൽത്ത് കെയർ ലിമിറ്റഡ് | 320/19-20 | 12 |
| 5 | ഡീലക്സ് ഇൻഡസ്ട്രീസ് | 389/19-20 | 9 |
| 6 | സ്കൈ ബ്ലൂ പ്ലൈവുഡ്സ് ലിമിറ്റഡ് | 207/19-20 | 20 |
| 7 | ഫ്യൂച്ചർ റീറ്റെയിൽ ലിമിറ്റഡ് | 209/19-20 | 16 |
| 8 | ഓറിയന്റ് ഇലക്ട്രിക് ലിമിറ്റഡ് | 211/19-20 | 10 |
| 9 | CANA വെയർ ഹൌസിംഗ് സപ്ലൈ സൊല്യൂഷൻസ് ലിമിറ്റഡ് | 225/19-20 | 15 |
| 10 | ഫ്യൂച്ചർ റീറ്റെയിൽ ലിമിറ്റഡ് | 233/19-20 | 62 |
| 11 | സഫ പ്ലൈവുഡ്സ് | 244/19-20 | 29 |
| 12 | സേഫ് സിസ്റ്റംസ് | 625/19-20 | 25 |
| 13 | കെ.സി.എം അപ്ലൈയൻസ് | 576/19-20 | 16 |
| 14 | എസ്.എസ്.കെ പോളിമേഴ്സ് | 97/19-20 | 40 |
| 15 | ഇലഞ്ഞിക്കൽ ഫുഡ് ആൻഡ് ബിവറേജസ് | 102/19-20 | 18 |
| 16 | ക്രസന്റ് ക്രമ്പ്സ് ലിമിറ്റഡ് | 194/19-20 | 22 |
| 17 | ഓറിയോൺ പ്ലൈവുഡ്സ് | 117/19-20 | 10 |

ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യപ്പെടാത്ത മറ്റ് വിഭാഗങ്ങൾ

എ) ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ

1)എടത്തല ക്ഷീരോല്പാദക സഹകരണസംഘം
ലി.നം.-ഇ 107(ഡി)APCOS

2)മുകളാർകടി ക്ഷീരോല്പാദക സഹകരണസംഘം
ലി. നം.-ഇ 332(ഡി) APCOS

3)നൊച്ചിമ ക്ഷീരോല്പാദക സഹകരണസംഘം
ലി.നം.-ഇ 237(ഡി) APCOS

ബി) പഞ്ചായത്തിൽ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ കരാറുകാർ

സി) എടത്തല പോലീസ് സ്റ്റേഷനിലെ ജീവനക്കാർ .

മേൽപ്പറഞ്ഞ ജീവനക്കാരിൽ നിന്നും കരാറുകാരിൽ നിന്നും നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കണമെന്നാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം-13/24.11.21) മറുപടി നൽകിയില്ല. മേൽപ്പറഞ്ഞ മുഴുവൻ ജീവനക്കാർക്കും ബാധകമായ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-15 സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല (എൻക്വയറി-13/24.11.21 )

എ) ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ

| | |
|---|---|
| 1 | എടത്തല ക്ഷീരോല്പാദക സഹകരണസംഘം ലി.നം-ഇ 107(ഡി)APCOS |
| 2 | മുകളാർകടി ക്ഷീരോല്പാദക സഹകരണസംഘം ലി. നം.-ഇ 332(ഡി) APCOS |
| 3 | നൊച്ചിമ ക്ഷീരോല്പാദക സഹകരണസംഘം ലി.നം.-ഇ 237(ഡി) APCOS |

ബി)എടത്തല സർവീസ് സഹകരണ ബാങ്കിന്റെ ശാഖകൾ

| | |
|---|---|
| 1 | എസ്.സി.ബി ചൂണ്ടി |
| 2 | എസ്.സി.ബി പേങ്ങാട്ടുശേരി |
| 3 | എസ്.സി.ബി പൂക്കാട്ടുപടി |

സി) ഓഡിറ്റോറിയങ്ങൾ

| | | |
|---|---|---|
| 1 | കെ.എം.ജെ കൺവെൻഷൻ സെന്റർ | വാർഡ് 14 |
| 2 | ഹൈനസ് ഓഡിറ്റോറിയം | വാർഡ് 8 |
| 3 | സെന്റ് പയസ് ചർച്ച് ഓഡിറ്റോറിയം | വാർഡ് 3 |
| 4 | മഹാറാണി ഓഡിറ്റോറിയം | വാർഡ്-4 |
| 5 | രാജീവ്ഗാന്ധി സഹകരണ ഓഡിറ്റോറിയം | വാർഡ്-17 |

ഡി) റേഷൻ ഡിപ്പോകൾ

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും തൊഴിൽ നികുതി അടവാക്കുന്നുണ്ടെന്നും വരുമാന നഷ്ടം സംഭവിക്കുന്നില്ല എന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി

ഉറപ്പു വരുത്തേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതുമാണ്.

1-16 ട്രേഡേഴ്സ് ലിസ്റ്റ്/ഡിമാന്റ് രജിസ്റ്റർ-തയ്യാറാക്കുന്നില്ല

ട്രേഡേഴ്സിന്റേയും മറ്റു സ്ഥാപനങ്ങളുടെയും പൂർണ്ണമായ ലിസ്റ്റ് തയ്യാറാക്കി, പ്രസ്തുത ലിസ്റ്റിലെ ക്രമപ്രകാരം ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നില്ല. സ്ഥാപന തൊഴിൽ നികുതി അടച്ച സ്ഥാപനങ്ങളുടെ വിവരങ്ങൾ ലൈസൻസ് രജിസ്റ്ററിലാണ് രേഖപ്പെടുത്തുന്നത്. ഇത്തരത്തിൽ കൃത്യമായ ലിസ്റ്റും അതനുസരിച്ച് ഡിമാന്റ് രജിസ്റ്ററും സൂക്ഷിയ്ക്കാത്തതിനാൽ എല്ലാ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി പിരിച്ചെടുത്തിട്ടുണ്ട് എന്ന് ഉറപ്പാക്കാനാവുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റും രജിസ്റ്ററും സൂക്ഷിക്കുന്നത് സംബന്ധിച്ച് 2016-17 (ഖണ്ഡിക-2-1,2-2) 2017-18 (ഖണ്ഡിക-2-2) 2018-19 (ഖണ്ഡിക-1-19) വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലായി തുടരെ നിർദ്ദേശങ്ങളുണ്ടായിട്ടും ആയത് നിലവിലും വേണ്ട രീതിയിൽ സൂക്ഷിക്കാത്തത് ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

മേൽ അപാകതകൾ പരിഹരിക്കേണ്ടതും ട്രേഡേഴ്സിന്റേയും മറ്റു സ്ഥാപനങ്ങളുടെയും വാർഡടിസ്ഥാനത്തിലുള്ള പൂർണ്ണമായ ലിസ്റ്റ് തയ്യാറാക്കി, ലിസ്റ്റിലെ ക്രമപ്രകാരം ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിയ്ക്കേണ്ടതുമാണ്.

1-17 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ്-അപാകതകൾ

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് സംബന്ധിച്ച അപാകതകൾ താഴെപ്പറയുന്നു.

ലൈസൻസ് ഭേദഗതി ഉത്തരവ് നടപ്പാക്കുന്നതിന് കമ്മിറ്റി തീരുമാനം എടുത്തിട്ടില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 31-10-2017 ലെ ജി. ഒ (പി) 80/2017/ എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയിട്ടുള്ളതും ഭേദഗതി ഉത്തരവ് പ്രകാരം സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്ന് തരം തിരിച്ച് യഥാക്രമം 500/-, 1000/- 5000/-, 10000/- 15000/- എന്ന പരമാവധി നിരക്ക് നിശ്ചയിക്കാവുന്നതുമാണ്. ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ മൂലധന നിക്ഷേപത്തിനനുസരിച്ചാണ് ഫീസ് ഈടാക്കിയതെന്ന് കാണുന്നു. ഏറ്റവും കുറഞ്ഞത് 500/-രൂപ ലൈസൻസ് ഫീസായി ഈടാക്കുന്നുമുണ്ട്. എന്നാൽ മൂലധന നിക്ഷേപം കണക്കാക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിക്കുന്നതിന് നാളിതുവരെ പഞ്ചായത്ത് കമ്മിറ്റി തിരുമാനമെടുത്തിട്ടില്ല (എൻക്വയറി നം-12/24.11.21) ഭേദഗതി ഉത്തരവ് പ്രാബല്യത്തിലായി രണ്ട് സാമ്പത്തിക വർഷം പിന്നിട്ടിട്ടും ആയത് നടപ്പാക്കുവാൻ തീരുമാനമെടുക്കാതിരുന്നത് പഞ്ചായത്ത് കമ്മിറ്റിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. പഞ്ചായത്ത് കമ്മിറ്റിയുടെ അറിവോ അംഗീകാരമോ ഇല്ലാതെ മൂലധന നിക്ഷേപത്തിനനുസൃതമായി ലൈസൻസ് ഫീസ് ഈടാക്കിയത് പഞ്ചായത്തിന്റെ ആഭ്യന്തര സംവിധാനത്തിലെ നിയന്ത്രണക്കുറവിനെ വെളിവാക്കുന്നു. സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി ഭേദഗതി ചട്ടങ്ങൾ നടപ്പാക്കുവാൻ എത്രയും വേഗം തീരുമാനം കൈക്കൊള്ളേണ്ടതാണെന്നറിയിക്കുന്നു.

2)താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ മൂലധനനിക്ഷേപം കണക്കാക്കിയതും ലൈസൻസ് ഫീസ് നിശ്ചയിച്ചതും എപ്രകാരമാണെന്ന് വ്യക്തമല്ല. അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ള സംസ്ഥാന മലിനീകരണ ബോർഡിന്റെ സർട്ടിഫിക്കറ്റിൽ മൂലധന നിക്ഷേപം സൂചിപ്പിക്കുന്ന പേജ് ഉൾപ്പെടുത്തിയിട്ടില്ല. വാലിഡിറ്റി പീരീഡ് മാത്രമുള്ള പേജാണ് അപേക്ഷക്കൊപ്പം വാങ്ങിയിട്ടുള്ളത്. നിക്ഷേപം വെളിവാക്കുന്ന മറ്റ് രേഖകൾ ലഭ്യവുമല്ല.

| ക്രമ.നം | സ്ഥാപനം | ലൈസൻസ് നം | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ഫ്ലോറാസ് | 36/19-20 | 4000 |
| 2 | സഫപ്ലൈവുഡ്സ് | 244/19-20 | 1500 |
| 3 | ഗ്രീൻ നാച്ചറൽ എക്സ്ട്രാറ്റ്സ് ലിമിറ്റഡ് | 235/19-20 | 4000 |
| 4 | തഖ്ദീസ് ഹോസ്പിറ്റൽ | 655/19-20 | 4000 |

ഈ സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപം പരിശോധിച്ച് കൃത്യമായ ലൈസൻസ് ഫീ ഈടാക്കി അറിയിക്കേണ്ടതാണ്.

3) 80/2017-ാം നമ്പർ ഭേദഗതി ഉത്തരവ് പ്രകാരം ഉൽപ്പാദന മേഖലയിൽ ഒരു കോടി രൂപയിൽ കൂടുതലും അഞ്ച് കോടി രൂപയിൽ കവിയാത്തതുമായ മൂലധനനിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസിനത്തിൽ പരമാവധി 5000/- രൂപ വരെ നിശ്ചയിച്ച് ഈടാക്കാവുന്നതാണ്. താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ മൂലധനനിക്ഷേപം ഒരു കോടി രൂപയിൽ കൂടുതലാണെന്ന് സംസ്ഥാന മലിനീകരണ ബോർഡിന്റെ സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ടി സ്ഥാപനങ്ങളിൽ നിന്നും പരമാവധി ഫീസ് ഈടാക്കിയിട്ടില്ല (എൻക്വയറി-12)

| ക്രമ.നം | സ്ഥാപനം | ലൈസൻസ് നം | മൂലധന നിക്ഷേപം (PCB സർട്ടിഫിക്കറ്റ് പ്രകാരം) | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|---|
| 1 | എടത്തല പോളിമേഴ്സ് | 84/19-20 | 2.65 കോടി | 4000 |
| 2 | ആലംപള്ളി ബ്രദേഴ്സ് ലിമിറ്റഡ് | 109/19-20 | 2.84 കോടി | 2000 |
| 3 | എസ്.എസ്.കെ പോളിമേഴ്സ് | 97/19-20 | 2.65 കോടി | 4000 |
| 4 | ഡൈനാമിക് ടെക്നോ മെഡിക്കൽ പ്രൈ.ലിമിറ്റഡ് Unit-2 | 89/19-20 | 4.06 കോടി | 2000 |
| 5 | ഡൈനാമിക് ടെക്നോ മെഡിക്കൽ പ്രൈ.ലിമിറ്റഡ് | 88/19-20 | 3.28 കോടി | 4000 |
| 6 | ഇലഞ്ഞിക്കൽ ഫുഡ്സ് & ബിവറേജസ് ലിമിറ്റഡ് | 102/19-20 | 1.17 കോടി | 2000 |

മേൽ സ്ഥാപനങ്ങളിൽ നിന്നും മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-18 വാടകയിനത്തിൽ വരവില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വാടക ഡിമാന്റ് ചെയ്യുവാൻ നടപടി സ്വീകരിച്ചിട്ടില്ല. ഇപ്രകാരം പ്രവർത്തിച്ച് വരുന്ന പോലീസ് സ്റ്റേഷൻ, കെ.എസ്.ഇ.ബി എന്നിവിടങ്ങളിൽ നിന്ന് വാടക ഈടാക്കുവാനും വാടക നിശ്ചയിച്ച് നൽകുവാൻ അസിസ്റ്റന്റ് എൻജിനീയറെ ചുമതലപ്പെടുത്തിയതായും 21.11.2019 തീയതിയിൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചതായി കാണുന്നുമുണ്ട്. (തീരുമാനം.നമ്പർ-6(3).ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മറ്റൊരു കെട്ടിടത്തിൽ (നം.V/119-A) പ്രവർത്തിക്കുന്ന അമൃതം ഫുഡ് സപ്ളിമെന്റ് എന്ന സ്ഥാപനത്തിൽ നിന്നും വാടക പിരിക്കുന്നില്ല. 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ആയത്

പരാമർശിച്ചതിന് (ഖണ്ഡിക 2-5) വാടക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നായിരുന്നു മറുപടി നൽകിയത്. എന്നാൽ വാർഷികകണക്കുകൾ പരിശോധിച്ചതിൽ തൻവർഷവും വാടകയിനത്തിൽ തുകയൊന്നും തന്നെ വരവ് വന്നിട്ടില്ലാത്തതിനാൽ വിശദീകരണമാവശ്യപ്പെട്ട് എൻക്വയറി (നം-9/23.11.21) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കമ്മിറ്റി തീരുമാനം നടപ്പിലാക്കാതെ പോയതിന്റേയും ഓഡിറ്റ് റിപ്പോർട്ടിൻ മേൽ തുടർ നടപടി സ്വീകരിക്കാതിരുന്നതിന്റേയും കാരണം വ്യക്തമാക്കേണ്ടതാണ്.

1-19 രജിസ്റ്ററുകളിൽ കൃത്യമായ രേഖപ്പെടുത്തൽ നടത്തുന്നില്ല.

പഞ്ചായത്തിലെ വിവിധ സെക്ഷനുകളിൽ ഉപയോഗത്തിലിരിക്കുന്ന വിവിധ രജിസ്റ്ററുകളിൽ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല.

മുൻകൂർ രജിസ്റ്റർ

മുൻകൂർ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികൾക്ക് തുക കൈമാറുന്നതിന്റെ വിനിയോഗ സാക്ഷ്യപത്രം പലപ്പോഴും തൻവർഷം ലഭിക്കാറില്ല. മുൻകൂർ രജിസ്റ്ററിൽ തുക കൈമാറുന്നതിന്റെ വിവരം കൃത്യമായി രേഖപ്പെടുത്താത്തത് മൂലം മുൻകൂർ ക്രമീകരിച്ചതിന്റെ കൃത്യത ലഭ്യമല്ല. വാർഷിക ധനകാര്യ പത്രികയിൽ 460500205 ഹെഡ്ഡിൽ പൊതുമരാമത്ത് വകുപ്പിന് നിക്ഷേപ പ്രവൃത്തിക്കായി നൽകിയ ക്രമീകരിക്കാനവശേഷിക്കുന്ന 16,00,000/- രൂപ ഏത് പദ്ധതിയുടേതാണെന്നോ പ്രവൃത്തി പൂർത്തീകരിച്ചോ എന്നത് വ്യക്തമല്ല. അപാകതകൾ പരിഹരിച്ച് മുൻകൂർ രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

ഇൻകുംബെൻസി രജിസ്റ്റർ

സ്ഥാപനത്തിലെ ജീവനക്കാരുടെ വിവരങ്ങൾ രേഖപ്പെടുത്തി ഇൻകുംബെൻസി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേതുൾപ്പെടെ ജീവനക്കാരുടെ വിവരങ്ങൾ കൃത്യമായി രജിസ്റ്ററിൽ ചേർക്കുന്നില്ല.

സ്യൂട്ട് രജിസ്റ്റർ

ഗ്രാമപഞ്ചായത്തിലെ വിവിധ കേസുകളുടെ നടത്തിപ്പ് സംബന്ധിച്ച് വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് സ്യൂട്ട് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കേസ് സംബന്ധിച്ച വിവരങ്ങൾ എല്ലാം ചേർത്ത് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. വക്കീലിന് നൽകുന്ന തുകയെ സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ ചേർക്കുന്നില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ

ഡെപ്പോസിറ്റ് രജിസ്റ്റർ 15.7.2015 വരെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിച്ചിരുന്നെങ്കിലും പിന്നീട് തുകകളുടെ സംക്ഷിപ്തം മാത്രം രേഖപ്പെടുത്തുന്ന രീതിയിലേക്ക് മാറി. രജിസ്റ്ററിലെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്താത്തതിനാൽ റീ ഫണ്ട് തുകയുടെ വിവരങ്ങളും, നിലവിലും തിരികെ നൽകാത്ത പഴയ ഡെപ്പോസിറ്റുകളുടെ വിവരവും നിരീക്ഷിക്കുന്നതിന് സാധിക്കുന്നില്ല. രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് റിക്കവറി രജിസ്റ്റർ

മുൻ ഓഡിറ്റ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നടത്തിയിട്ടുള്ള ഓഡിറ്റ് റിക്കവറികളുടെ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ട ഓഡിറ്റ് റിക്കവറി രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ ഉണ്ടെങ്കിലും, ആയതിൽ വിവരങ്ങൾ ഒന്നും ഉൾപ്പെടുത്തുന്നില്ല. 2017-18 ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2-6 ലെ നിർദ്ദേശപ്രകാരം 2019-20 വർഷത്തിൽ ₹8,51,760/- ഈടാക്കിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ ഈ വിവരം ചേർത്തിട്ടില്ല. രജിസ്റ്ററിൽ വിവരങ്ങളെല്ലാം ഉൾച്ചേർത്ത് സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

പഞ്ചായത്ത് കമ്മിറ്റി മിനിറ്റ്സ് ബുക്ക്

2019-20 ലെ ബജറ്റ് പാസ്സാക്കുന്നതിനായി ചേർന്ന 1.3.2019ലെപഞ്ചായത്ത് കമ്മിറ്റിയുടെ വിവരങ്ങൾ സകർമ്മയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പഞ്ചായത്ത് ജനറൽ കമ്മിറ്റിയുടെ

മിനിറ്റ്സ് ബുക്കിലും പ്രസ്തുത കമ്മിറ്റിയുടെ വിവരങ്ങൾ ഉൾച്ചേർത്തിട്ടില്ല. പിന്നീട് ഓഡിറ്റ് ആവശ്യപ്പെട്ടതനുസരിച്ച് പ്രസ്തുത കമ്മിറ്റിയുടെ മിനിറ്റ്സ് ഹാജരാക്കുകയാണ് ചെയ്തത്. സകർമ്മയിൽ പഞ്ചായത്ത് കമ്മിറ്റികളുടെ വിവരങ്ങൾ എല്ലാം ചേർക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

രജിസ്റ്ററുകളിൽ കൃത്യമായ വിവരങ്ങൾ ചേർത്ത് സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-20 ദുരിതാശ്വാസനിധി -പണമിടപാടുകളില്ല

പ്രകൃതിക്ഷോഭം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് ദുരിതനിവാരണത്തിന് അടിയന്തിര ധനസഹായം നല്കുന്നതിനായി പണം സൂക്ഷിക്കുന്നതിന് വേണ്ടിയാണ് 2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ സർക്കാർ എസ് ആർ ഒ നം. 162 / 2003 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളത്. പഞ്ചായത്തിൽ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ ഈ അക്കൗണ്ടിൽ പലിശയല്ലാതെ മറ്റ് വരവ് ചെലവുകളില്ല. അക്കൗണ്ടിൽ 01.04.19 ന് 1873/- രൂപയുണ്ടായിരുന്നത് തൻവർഷത്തെ പലിശയായ 75/- രൂപ വരവ് ചേർത്ത് 31.03.20 ന് 1948 /- രൂപയായി. ധനശേഖരണാർത്ഥമുള്ള കലാ-കായിക-വിനോദപരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. അപ്രകാരം ധനം സ്വരൂപിക്കുന്നതിന് നിർബന്ധങ്ങൾ ചെലുത്തുകയോ അധികാരദുർവിനിയോഗം ചെയ്യുകയോ പഞ്ചായത്തിന് ലഭിക്കേണ്ട ഏതെങ്കിലും വരുമാനം ഇല്ലാതാക്കുകയോ ചെയ്യാൻ പാടുള്ളതല്ല. നിധിയിലേക്ക് ഗ്രാമപഞ്ചായത്തിന്റെ ഏതെങ്കിലും ഫണ്ടിൽ നിന്നോ സർക്കാരിൽ നിന്ന് ഗ്രാമപഞ്ചായത്തിന് ലഭിച്ച ഏതെങ്കിലും ഗ്രാന്റിൽ നിന്നോ തുക കൈമാറ്റം ചെയ്യാനും പാടില്ല. നിധിയിലേക്ക് നല്കുന്ന സംഭാവനകൾക്ക് സെക്രട്ടറിയോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഒപ്പിട്ട രസീത് നല്കേണ്ടതും അത് അച്ചടിച്ച ഫോറത്തിലായിരിക്കേണ്ടതുമാണ്. ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകളിൽ ഒരു സബ് കമ്മിറ്റി ആവശ്യമായ അന്വേഷണം നടത്തിയതിനു ശേഷം നിധിയിൽ നിന്ന് തുക പിൻവലിച്ച് അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യാവുന്നതാണ്. നിധിയെ സംബന്ധിച്ച വരവ് ചെലവ് കണക്കുകൾ ഒരു ക്യാഷ് ബുക്കിൽ എഴുതേണ്ടതും ലഭിക്കുന്ന അപേക്ഷകളുടെ വിവരം, അനുവദിച്ച ധനസഹായം എന്നിവ രേഖപ്പെടുത്താൻ ഒരു രജിസ്റ്ററും അന്വേഷണം നടത്തുന്ന സബ് കമ്മിറ്റിയുടെ യോഗനടപടികളുടെ മിനിറ്റ്സ് രേഖപ്പെടുത്താൻ ഒരു മിനിറ്റ്സ് പുസ്തകവും സൂക്ഷിക്കേണ്ടതാണ്. നിധിയെ സംബന്ധിച്ച എല്ലാ വരവ് ചെലവ് കണക്കുകളും സെക്രട്ടറി ഓരോ മാസവും ഗ്രാമപഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കേണ്ടതാണ്. നിധിയിൽ നിന്ന് ധനസഹായത്തിനായി അപേക്ഷിച്ചവരുടെയും ധനസഹായം ലഭിച്ചവരുടെയും നിധിയിലേക്ക് സംഭാവന നല്കിയവരുടെയും പേര് വിവരങ്ങളും തുകയും മറ്റ് കണക്കുകളും നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതും പ്രസ്തുത വിവരങ്ങൾ ഗ്രാമസഭകളിൽ അറിയിക്കേണ്ടതുമാണ് .

## 1-21 പാലിയേറ്റീവ് പരിചരണ പദ്ധതി -അപാകതകൾ

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 29.10.2015 ലെ ജി ഒ (ആർ ടി) 3217/2015 ഉത്തരവിലൂടെ പാലിയേറ്റീവ് പരിചരണത്തിനുള്ള വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ മാർഗ്ഗരേഖയുടെ ഖണ്ഡിക 2.10 ൽ പ്രോജക്ട് തയ്യാറാക്കൽ, നടത്തിപ്പ് എന്നിവയെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. ഖണ്ഡിക 2.10.6 പ്രകാരം പാലിയേറ്റീവ് കെയറിന് വേണ്ടി ഓരോ സാമ്പത്തിക വർഷത്തേയ്ക്കും ഒരു പ്രോജക്ട് മാത്രമേ തയ്യാറാക്കാവൂ. സാമ്പത്തിക വർഷാരംഭം മുതൽ അവസാനംവരെ വേണ്ടിവരുന്ന എല്ലാ പ്രവർത്തനങ്ങളും ചെലവുകളും കണക്കാക്കി പ്രോജക്ട് തയ്യാറാക്കണം. ഒരു സാമ്പത്തികവർഷം അവസാനിച്ചാൽ ആ വർഷത്തെ പ്രോജക്ട് അവസാനിപ്പിക്കണം. സ്പിൽ ഓവറായി പ്രോജക്ട് തുടർന്ന് നടപ്പാക്കാൻ പാടില്ല. ഒരു വാർഷിക പദ്ധതിയിൽ ഒന്നിലധികം പാലിയേറ്റീവ് പ്രോജക്ടുകൾ തയ്യാറാക്കുവാനും നടപ്പാക്കാനും പാടില്ല. എന്നാൽ തൻവർഷം പഞ്ചായത്തിന് കീഴിൽ ഒരു പുതിയ പ്രോജക്ടും (പ്രോജക്ട് നം. 16/20), ഒരു

സ്പിൽ ഓവർ പ്രോജക്ടും (പ്രോജക്ട് നം. 199/20) നടപ്പാക്കിയിട്ടുണ്ട്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 22.11.2021 ലെ 6ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണോദ്യോഗസ്ഥൻ ഹാജരാക്കിയ മറുപടി ബില്ല് ട്രഷറിയിൽ ക്യൂ ലിസ്റ്റിൽ ആയതിനാലാണ് ഇത്തരത്തിൽ രണ്ട് പദ്ധതികളായി നടപ്പാക്കിയതെന്നാണ്. എന്നാൽ വിവിധ വർഷങ്ങളിൽ പാലിയേറ്റീവ് പദ്ധതി ഒന്നിലധികം പ്രൊജക്ടുകളിലായി ഏറ്റെടുത്ത് നടപ്പാക്കുന്ന പ്രവണതയാണ് പഞ്ചായത്തിലുള്ളതെന്ന് പദ്ധതികളുടെ പരിശോധനയിൽ നിന്ന് വ്യക്തമാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 1-22 പാലിയേറ്റീവ് പരിചരണത്തിന് ഉപകരണങ്ങൾ വാങ്ങൽ-അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പാലിയേറ്റീവ് കെയർ |
| പ്രോജക്ട് നം | 16/20 |
| അടങ്കൽ | 6,00,000/- (വികസന ഫണ്ട്-സാധാരണ വിഹിതം) |
| ചെലവ് | 548039/- |
| നിർവഹണം | മെഡിക്കൽ ഓഫീസർ, പി എച്ച് സി |

പാലിയേറ്റീവ് കെയർ പദ്ധതിയിൽ ആകെ 548039/- രൂപ ചെലവഴിച്ചതിൽ 24.12.2019 ലെ ബിൽ നമ്പർ 11/19-20 പ്രകാരം ചെലവഴിച്ച 152445/- രൂപ പാലിയേറ്റീവ് പരിചരണത്തിനായി വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിന് 18.12.2019 ലെ PRF 3347 നമ്പർ പ്രഫോർമ ഇൻവോയ്സ് പ്രകാരം കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. താഴെപ്പറയും വിധം നാല് തവണകളായി ഉപകരണങ്ങൾ ലഭ്യമായിട്ടുണ്ട്.

| ക്രമ നം. | ഇൻവോയ്സ് നം./ തീയതി | ബിൽ തുക |
|---|---|---|
| 1 | 1445/24.08.2020 | 60243/- രൂപ |
| 2 | 1842/17.10.2020 | 25331/- രൂപ |
| 3 | 2635/06.01.2021 | 25562/- രൂപ |
| 4 | 738/25.05.2021 | 41309/- രൂപ |
| | ആകെ തുക | 152445/- രൂപ |

ബില്ലുകൾ പരിശോധിച്ചതിൽ ഇൻവോയ്സ് നം.738/25.05.2021 പ്രകാരം Wheel Chair With (Commode) 5 എണ്ണം ലഭ്യമാക്കിയിരിക്കുന്നത് 6571.30/- രൂപ നിരക്കിൽ ആകെ 32856.50/- രൂപയ്ക്കാണ്. എന്നാൽ 18.12.2019 ലെ PRF 3347 നമ്പർ പ്രഫോർമ ഇൻവോയ്സ് പ്രകാരം 5893.80/- രൂപ നിരക്കിലാണ് ഉപകരണം ഓർഡർ ചെയ്തിരിക്കുന്നത്. ഒരെണ്ണത്തിന് 677.50/- രൂപ എന്ന നിരക്കിൽ അധികം തുക ഈടാക്കിയത് മൂലം ഈയിനത്തിന് ആകെ 3387.50/- രൂപ അധികം ചെലവ് വന്നിട്ടുള്ളതായി കാണുന്നു. എന്നാൽ മറ്റ് ചില ഉപകരണങ്ങൾ വില കുറച്ച് നൽകിയിട്ടുള്ളതിനാൽ ആകെ പദ്ധതി ചെലവിൽ മാറ്റം ഇല്ല. ഈ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 24.11.2021 ലെ 15ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി വിപണിയിൽ ഉള്ള വിലയനുസരിച്ച് ഇൻവോയ്സ് വിലയിൽ മാറ്റം വരുന്ന കാര്യം അതോടൊപ്പമുള്ള നിബന്ധനകളിൽ പരാമർശിച്ചിട്ടുണ്ടെന്നും വില കുറയുന്ന സമയങ്ങളിൽ കൂടുതൽ സാധനങ്ങളും മരുന്നുകളും ലഭ്യമാകാറുണ്ടെന്നുമാണ്. സാധനങ്ങളും സേവനങ്ങളും വാങ്ങേണ്ടത് ആവശ്യകത വിലയിരുത്തി അതിൻ പ്രകാരം തുക വകയിരുത്തി പദ്ധതി തയ്യാറാക്കിയായിരിക്കണമെന്നിരിക്കെ ഈ മറുപടി അംഗീകാരയോഗ്യമല്ല. പ്രഫോർമ ഇൻവോയ്സ് പ്രകാരം ആവശ്യപ്പെടുന്ന മരുന്നുകളും സാധനങ്ങളും ആ വിലയിൽത്തന്നെ ലഭ്യമാക്കുന്നുവെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്.

## 1-23 ക്യാൻസർ നിയന്ത്രണ പരിപാടി -അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 224/20, ക്യാൻസർ നിയന്ത്രണ പരിപാടി |

| | |
|---|---|
| അടങ്കൽ | 1,00,000/- ( വികസന ഫണ്ട്-സാധാരണ വിഹിതം) |
| ചെലവ് | 68502/- |
| ബിൽ നമ്പർ | 12/19-20 തീയതി 25.01.2020 തുക 12852/-<br>18/19-20 തീയതി 18.03.2020 തുക 55650/- |

മെഡിക്കൽ ഓഫീസർ പി എച്ച് സി നിർവ്വഹണം നടത്തിയ ക്യാൻസർ നിയന്ത്രണ പരിപാടി എന്ന പദ്ധതിനടപ്പാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) പ്രൊജക്ട് ഏറ്റെടുത്തിരിക്കുന്നത് ക്യാൻസർ കെയറിന് പശ്ചാത്തലം ഒരുക്കൽ, 10 പേർക്ക് യാത്രാ ചെലവ് എന്നീ ഇനങ്ങൾക്കാണ്. പതിമൂന്നാം പഞ്ചവൽസര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം. 22/2018/തസ്വഭവ തീയതി 14.02.2018 പൊതുനിബന്ധനകൾ-ഖണ്ഡിക 2.2 പ്രകാരം ഈ മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഏതെങ്കിലും ഇനത്തിന് സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള ഇനങ്ങൾക്കൊഴികെ പണമായി സബ്ഡിഡി നൽകാൻ പാടില്ല.

2) മാർഗ്ഗരേഖ ഖണ്ഡിക നമ്പർ 8.4 പ്രകാരം ഉത്പാദനപരമല്ലാത്ത പരിപാടികളായ ബോധവൽക്കരണ ക്യാമ്പയിനുകൾ, സെമിനാറുകൾ എന്നിവ തദ്ദേശ സ്ഥാപനങ്ങൾ വികസന ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കുവാൻ പാടില്ല. മേൽ പദ്ധതിയിൽ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ വിവിധ തീയതികളിൽ ക്യാൻസർ സംബന്ധിച്ച ബോധവൽക്കരണ ക്ലാസ് നടത്തിയതിനാണ് ഈ പദ്ധതിയിലെ മുഴുവൻ ചെലവുതുകയായ 68502/- രൂപ പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുള്ളത്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 22.11.2021 ലെ 7ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ എറണാകുളം ജില്ലാ കളക്ടറുടെ സമഗ്ര ക്യാൻസർ നിയന്ത്രണ പരിപാടി സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങളും ജില്ലാ മെഡിക്കൽ ഓഫീസറുടെ നിർദ്ദേശങ്ങളും അനുസരിച്ചാണ് പദ്ധതി ഏറ്റെടുത്ത് നടപ്പാക്കിയതെന്നാണ്. സർക്കാർ അനുവദിക്കുന്ന ഗ്രാന്റ് ചെലവഴിക്കുന്നതിന് സർക്കാർ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള നിർദ്ദേശങ്ങളാണ് പാലിക്കേണ്ടതെന്നിരിക്കെ ഈ മറുപടി അംഗീകരിക്കാൻ സാധിക്കില്ല. പദ്ധതികൾ നടപ്പാക്കുമ്പോൾ സർക്കാർ ഉത്തരവുകൾ പാലിച്ച് മാത്രം നടപ്പാക്കുന്നുവെന്ന് നിർവ്വഹണോദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്.

1-24 മൃഗസംരക്ഷണമേഖലയിലെ പദ്ധതികൾ-പൊതു അപാകതകൾ

വെറ്ററിനറി സർജൻ തൻവർഷം നിർവഹണം നടത്തിയ പദ്ധതികളുടെ ഫയലിൽ ഗുണഭോക്താക്കളുടെ വരുമാനം സംബന്ധിച്ച രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല. അതിനാൽ ഗുണഭോക്താക്കളുടെ അർഹത ഉറപ്പുവരുത്താൻ കഴിയുന്നില്ല.

തൊഴുത്ത് നിർമ്മാണത്തിനായുള്ള പദ്ധതിയുടെ ഫയലിൽ ഓവർസിയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഉണ്ടെങ്കിലും ഏതെല്ലാം ഇനം പ്രവർത്തികളാണ് നടത്തിയത് എന്ന് വ്യക്തമാക്കിയിട്ടില്ല. മാർഗരേഖ പ്രകാരം തൊഴുത്തിന്റെ തറ, മേൽക്കൂര എന്നിവ നവീകരിക്കുകയും മഴ നനയാത്ത രീതിയിൽ വളക്കുഴി, സിമന്റ് തൊട്ടി എന്നിവ നിർമ്മിക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവൃത്തികൾ നടത്തിയതായി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2019-20 വർഷത്തിൽ വെറ്ററിനറി സർജ്ജൻ നിർവ്വഹിക്കുന്ന പദ്ധതികൾക്കായി 1903000 വകയിരുത്തിയെങ്കിലും 1128000 രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളു. പദ്ധതി ഫണ്ടിൽ നിന്നും 1077500 വകയിരുത്തിയതിൽ 750000 രൂപ മാത്രമാണ് ചെലവ് . വേണ്ടത്ര ആസൂത്രണമില്ലാതെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രമിക്കുന്നതുമൂലം ജനോപകാരപ്രദമായ പ്രോജക്ടുകൾക്കായി ചെലവഴിക്കപ്പെടേണ്ട ഫണ്ടുകൾ നഷ്ടപ്പെടാൻ ഇടയാകുന്നു.

ഓഡിറ്റ് എൻക്വയറിക്കുള്ള (10/23.11.21) മറുപടിയായി ഗുണഭോക്താക്കൾ ഇല്ലാത്തതിനാലാണ് പദ്ധതി

ഫണ്ട് ചെലവഴിക്കാൻ കഴിയാതിരുന്നത് എന്നാണ് മറുപടി നൽകിയത്. ഗുണഭോക്താക്കളുടെ അർഹത ഉറപ്പുവരുത്താറുണ്ട് എന്നും തുടർവർഷങ്ങളിൽ പദ്ധതിനടപ്പിലാക്കുമ്പോൾ എല്ലാ അർഹതാരേഖകളും വാങ്ങി സൂക്ഷിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കളുടെ ആവശ്യകത അടിസ്ഥാനമാക്കി നടപ്പിലാവുന്ന പദ്ധതികൾ മാത്രം രൂപീകരിക്കേണ്ടതും ഗുണഭോക്താക്കളുടെ എണ്ണത്തിനനുസിച്ച് പദ്ധതി ഫണ്ട് വകയിരുത്തുകയും ചെയ്യേണ്ടതാണ്. മാർഗരേഖയിലെ അർഹതാമാനദണ്ഡങ്ങൾ പരിശോധിച്ച് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കേണ്ടതും ആവശ്യമായ രേഖകൾ നിർവഹണഉദ്യോഗസ്ഥ വാങ്ങി സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

1-25 കറവ പശു വളർത്തൽ പദ്ധതി - നടപടിക്രമങ്ങൾ പാലിച്ചില്ല

പ്രോജക്ട് - കറവ പശു വളർത്തൽ – വനിത(6/2019-20)

നിർവ്വഹണം - വെറ്ററനറി സർജൻ

അടങ്കൽ തുക - 412500(വികസന ഫണ്ട് ) + വായ്പ -1100000

ചെലവ് – 399974(വികസനഫണ്ട്)

| ബിൽ നം | തുക |
|---|---|
| 3/2.11.19 | 110000 |
| 8/20.1.20 | 137500 |
| 14/ 16.3.20 | 27500 |

ഗുണഭോക്താക്കൾ 55000/-രൂപ ലോണായി എടുത്ത് 55000/-രൂപ വിലയുള്ള പശുവിനെ വാങ്ങുകയും സബ്സിഡി തുക 27500/- രൂപ ലോൺ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. എടത്തല സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് സെക്രട്ടറി വെറ്ററിനറി സർജന് നൽകിയ കത്തിൽ ഗുണഭോക്താക്കൾക്ക് ബാങ്കിൽ നിന്നും കറവ പശു വളർത്തൽ പദ്ധതിയ്ക്ക് വായ്പ നൽകാൻ സന്നദ്ധമാണെന്ന് അറിയിച്ചിട്ടുണ്ട്. ബാങ്ക് നൽകിയ ലിസ്റ്റിലെ ഗുണഭോക്താക്കളുടെ സബ്സിഡി തുക സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്കിന് 275000/- രൂപ നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

A)സബ്സിഡി മാർഗരേഖ സ.ഉ (കൈ) 22/2018 /ത സ്വ ഭ വ തീ.14/2/2018 ഖ.6.2 കുറിപ്പ് 3 ൽ വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ ചെർമാനായും, വെറ്ററിനറി ഡോക്ടർ കൺവീനറായും ഗുണഭോക്താക്കളിൽ നിന്ന് 5 പേർ അംഗങ്ങളുമായിട്ടുള്ള കമ്മിറ്റി ആയിരിക്കണം മൃഗങ്ങളെ വാങ്ങേണ്ടത്. പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ഈ സമിതിക്ക് നേരിട്ട് വാങ്ങാം, പ്രായം, ഗുണനിലവാരം എന്നിവ നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃകമ്മിറ്റി യോഗം ചേർന്ന് ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തിന് പുറത്ത് നിന്നും നേരിട്ട് പശുവിനെ വാങ്ങണം എന്നാണ് തീരുമാനിച്ചത്. ഗുണഭോക്താക്കൾ ഉൾപ്പെട്ട സമിതിയുടെ തീരുമാനം പഞ്ചായത്ത് പർച്ചേസ് കമ്മിറ്റിയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയിട്ടുമില്ല. കൂടാതെ നിർവഹണ ഉദ്യോഗസ്ഥൻ പശുവിന്റെ പ്രായം, ഗുണനിലവാരം എന്നിവ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുമില്ല എന്നാണ് ഓഡിറ്റിന് ലഭ്യമാക്കിയ ഫയലിൽ നിന്നും വ്യക്തമാകുന്നത്.

B)സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്കുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകളും, പദ്ധതിയുടെ മോണിറ്ററിങ്ങ് റിപ്പോർട്ടും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. സബ്സിഡി തുക ഗുണഭോക്താക്കളുടെ ലോൺ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

C). ഗുണഭോക്താക്കളുടെ വരുമാന സർട്ടിഫിക്കറ്റ്/വരുമാനം തെളിയിക്കുന്നതിനുള്ള മറ്റ് രേഖകൾ വാങ്ങി സൂക്ഷിച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറിക്കുള്ള (10/23.11.21) മറുപടിയായി ഗുണഭോക്താക്കളുടെ അർഹത ഉറപ്പുവരുത്താറുണ്ട് എന്നും തുടർവർഷങ്ങളിൽ പദ്ധതിനടപ്പിലാക്കുമ്പോൾ എല്ലാ അർഹതാരേഖകളും വാങ്ങി സൂക്ഷിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

പദ്ധതി നിർവ്വഹണം നടത്തുമ്പോൾ സർക്കാർ മാനദണ്ഡങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1-26 അങ്കണവാടി പോഷകാഹാരം -സ്റ്റോക്, ഇഷ്യൂ വിവരങ്ങൾ കൃത്യമല്ല

നിർവ്വഹണം – ഐ സി ഡി എസ് സൂപ്പർവൈസർ

പ്രൊജക്ട് - അങ്കണവാടി പോഷകാഹാരം-5/20

അടങ്കൽ - 4800000

ചെലവ് - 3660755

ബി)പ്രൊജക്ട് - അങ്കണവാടി പോഷകാഹാരം-(എസ്.സി)- 8/20

അടങ്കൽ -260000(SCP)

ചെലവ്- 193763/-

അങ്കണവാടി പോഷകാഹാരപദ്ധതി (ജനറൽ & എസ്.സി) പ്രകാരം സപ്ലൈകോയിൽ നിന്നും ഭക്ഷ്യധാന്യങ്ങളും അമൃതം ഫുഡ് പ്രൊഡക്സിൽ നിന്നും ന്യൂട്രിമിക്സും വാങ്ങിയത് സ്റ്റോക് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ബില്ലുകളിലൊന്നും സ്റ്റോക്ക് എൻട്രി സംബന്ധിച്ച സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. സ്റ്റോക് രജിസ്റ്ററിൽ സപ്ലൈകോ, അമൃതം ഫുഡ്സ് എന്നിവയുടെ ഇൻവോയ്സ് നം, തീയതി, ട്രഷറി ബിൽ നമ്പർ, തീയതി തുടങ്ങിയ വിവരങ്ങളൊന്നും രേഖപ്പെടുത്തുന്നില്ല. 9/2019 മുതലുള്ള മാസങ്ങളിൽ ടി.എച്ച്.ആർ.എസ്. സ്റ്റോക്ക് രജിസ്റ്ററിൽ ഓരോ അങ്കണവാടിക്കും വിതരണംചെയ്ത അളവ് രേഖപ്പെടുത്തിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് - 20/26.11.21 -മറുപടിയായി സ്റ്റോക്ക് കൃത്യമായി സൂക്ഷിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കേണ്ടതാണ്.

1-27 എസ്.സി.ബാലവാടിക്ക് ഭക്ഷ്യവസ്തുക്കൾ ലഭ്യമായതിന്റെ രേഖകളില്ല.

നിർവഹണം -ഐ.സി.ഡി.എസ്.സൂപ്പർവൈസർ

പ്രൊജക്ട് -എസ്.സി.ബാലവാടി നടത്തിപ്പ് (7/20)

അടങ്കൽ -60000 (SCP)

ചെലവ്- 59865

ബിൽ - 7/25.7.19- 8337

11/26.8.19 – 8000

26/21.1.20 – 11350

28/28.1.20 -9522

32/15.2.20- 4908

36/7.3.20 -6751

43/23.3.20 - 10997

പദ്ധതി പ്രകാരം ഭക്ഷ്യധാന്യങ്ങളുടെ വിലയായി സപ്ലൈകോയ്ക്ക് 22767 രൂപയും ആപ്കോസിന് പാലിന്റെ വിലയായി19380 രൂപയും പച്ചക്കറി മുതലായവയ്ക്കായി 17718 രൂപയും നൽകിയിട്ടുണ്ട്. എന്നാൽ

ഭക്ഷ്യധാന്യങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല. ഇവ ബാലവാടിയിൽ ലഭ്യമായതായി രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. സപ്ലൈകോയുടെയും ബിസ്മി വെജിറ്റബിൾസിന്റെയും ക്ഷീരസംഘത്തിന്റെയും ബിൽ മാത്രമാണ് ഫയലിൽ ഉള്ളത്. അതിനാൽ ബാലവാടിയുടെ ആവശ്യത്തിനായാണ് ചെലവ് നടത്തിയത് എന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് - 20/26.11.21 -മറുപടിയായി ബാലവാടിയിൽ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട് എന്നും ഭാവിയിൽ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

പദ്ധതി ഫണ്ട് ചെലവഴിക്കുമ്പോൾ പർച്ചേസ് സംബന്ധിച്ച രേഖകളും സ്റ്റോക്ക് രജിസ്റ്ററും കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. വാങ്ങിയ ഇനങ്ങളുടെ സ്റ്റോക് രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക -59865/- തടസ്സപ്പെടുത്തുന്നു .

1-28 അങ്കണവാടി പൂരക പോഷകാഹാരം പദ്ധതികൾ : മോണിട്ടറിംഗ് കാര്യക്ഷമമാക്കേണ്ടതാണ്

2019-20 വർഷത്തിൽ അംഗനവാടി പൂരക പോഷകാഹാരം പദ്ധതികളുടെ ഭാഗമായി പഞ്ചായത്തിലെ 42അങ്കണവാടികൾ മുഖേന മൂന്നു വയസ്സുവരെയുള്ള കുട്ടികൾക്കായി 3854518/- രൂപ ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി രൂപീകരണത്തിലും മോണിട്ടറിംഗിലും നിർണ്ണായക പങ്ക് വഹിക്കേണ്ട ഒരു സുപ്രധാന ഘടകമാണ് വർക്കിംഗ് ഗ്രൂപ്പുകൾ. 2019-20 കാലഘട്ടത്തിൽ സാമൂഹ്യ നീതി വർക്കിംഗ് ഗ്രൂപ്പ് 2 തവണയാണ് (24.12.19,5.3.20)മീറ്റിംഗ് കൂടിയത്. മീറ്റിംഗ് കൂടിയതിൽ പദ്ധതികളുടെ മോണിട്ടറിംഗ് സംബന്ധിച്ച് യാതൊരു ചർച്ചകളും നടക്കുകയുണ്ടായിട്ടില്ല. പ്രൊജക്റ്റ് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജി.ഒ.(എം.എസ്) 11/2018/ത.സ്വ.ഭ.വ. തി.29-01-2018 പ്രകാരം നൽകിയിട്ടുണ്ട്. ആയവ താഴെ വിവരിക്കുന്നു.

എ) മേൽ ഉത്തരവ് 13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്.

ബി) 13.2 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്.

സി) 7.8.2.4 പ്രകാരം പോഷകാഹാര വിതരണം ഫലപ്രദമാണെന്ന് ഉറപ്പുവരുത്താൻ അങ്കണവാടി വെൽഫെയർ കമ്മറ്റി, നിരീക്ഷണ കമ്മറ്റി, ജനപ്രതിനിധികൾ എന്നിവരുടെ ഇടപെടൽ ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്

ഡി) ജി.ഒ. (എം. എസ്.) 4/2016/ എൽ.എസ്.ജി.ഡി. 11.01.2016 പ്രകാരം അങ്കണവാടികളിൽ നിന്നും യഥാർത്ഥത്തിൽ പോഷകാഹാരം/ഭക്ഷണം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്നവയുടെ ഗുണനിലവാരവും തുടർച്ചയായി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ഇതിനായി അങ്കണവാടി വെൽഫയർ കമ്മിറ്റിയ്ക്കു പുറമേ ഗ്രാമസഭകളിൽ നിന്നും പൊതു സമ്മതരായ 5 പേരടങ്ങുന്ന ഒരു നിരീക്ഷണ കമ്മിറ്റി രൂപീകരിക്കേണ്ടതും ഈ കമ്മിറ്റി മാസത്തിൽ കുറഞ്ഞത് ഒരു തവണയെങ്കിലും വാർഡിലുള്ള അങ്കണവാടികൾ സന്ദർശിക്കേണ്ടതും പോഷകാഹാരം / ഭക്ഷണം സ്വീകരിക്കുന്നവരുടെ യഥാർത്ഥ കണക്കും, ഗുണനിലവാരവും സംബന്ധിച്ച് റിപ്പോർട്ട് ഗ്രാമപഞ്ചായത്തിന് സമർപ്പിയ്ക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി - 24/27.11.21 - ന് മറുപടിയായി തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

അങ്കണവാടി പൂരക പോഷകാഹാരം പദ്ധതികളുടെ നടത്തിപ്പിൽ മേൽ പറഞ്ഞ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. സർക്കാർ നിർദേശങ്ങൾക്കനുസരിച്ച് കമ്മിറ്റികൾ രൂപീകരിച്ച് മോണിറ്ററിംഗ്

കാര്യക്ഷമമാക്കേണ്ടതാണ്.

1-29 ജീവിതശൈലി രോഗങ്ങളുടെ പരിശോധന മൊബൈൽ യൂണിറ്റുകൾ പദ്ധതി -അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്ട് നം. 275/20, ജീവിതശൈലി രോഗങ്ങളുടെ പരിശോധന മൊബൈൽ യൂണിറ്റുകൾ

അടങ്കൽ-30000(തനത് ഫണ്ട്)

ചെലവ് - 27000

ചെക്ക് 50441/9.1.20

തേജസ് കുടുംബശ്രീ അംഗവും സാന്ത്വനം വോളണ്ടിയറുമായ റാഹില എന്ന വ്യക്തിക്ക് പരിശോധന ഉപകരണങ്ങൾ നൽകുന്നതിനായി Health Action By People എന്ന സ്ഥാപനത്തിന് 27000രൂപ ബാങ്ക് അക്കൗണ്ടിലേക്ക് (67004634083) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിന്റെ ലെറ്റർ ഹെഡിലുള്ള പ്രൊഫോർമ ഇൻവോയ്സ് അടിസ്ഥാനമാക്കിയാണ് തുക നൽകിയത്. ഉപകരണങ്ങൾ ലഭ്യമായതിന്റെ രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

സബ് സിഡി മാർഗരേഖ - സ.ഉ(കൈ)22/18/ തസ്വഭവ/14.2.18 പ്രകാരം മൊബൈൽ യൂണിറ്റുകൾക്ക് ധനസഹായം അനുവദിക്കുമ്പോൾ താഴെ പറയുന്ന വ്യവസ്ഥകൾ പാലിച്ചിരിക്കണം.

- ഒരു യൂണിറ്റിന് ആവശ്യമുള്ള ഉപകരണങ്ങളുടെ ലിസ്റ്റും അതിന്റെ ഗുണപരതയും പി.എച്ച്.സി ഡോക്ടർ നിശ്ചയിച്ച് റിപ്പോർട്ട് ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി നിശ്ചയിച്ച് നിർവഹണഉദ്യോഗസ്ഥൻ വാങ്ങി നൽകണം
- ഉപകരണത്തിന്റെ വിലയും വാഹനത്തിന്റെ വിലയും ഉൾപ്പെടെയുള്ള തുക ഗുണഭോക്തൃവിഹിതമായോ ബാങ്ക് വായ്പയായോ ലഭ്യമാക്കേണ്ടതാണ്.
- ബാങ്ക് വായ്പ ഉണ്ടെങ്കിൽ ബാക്ക് എൻഡ് സബ്സിഡിയായി തുക ബാങ്കിലേക്ക് നൽകണം
- ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത പി.എച്ച്.സി ഡോക്ടർ പരിശോധിച്ച് ആഴ്ചയിലൊരിക്കൽ ഉറപ്പുവരുത്തണം.
- .പരിശോധന ഫീസ് എച്ച്.എം.സി നിശ്ചയിക്കണം.

മേൽ നിബന്ധനകളൊന്നുംനിർവഹണഉദ്യോഗസ്ഥ പാലിച്ചിട്ടില്ല. സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി ഉപകരണം വാങ്ങുന്നതിനാണ് തുക ചെലവഴിച്ചത്. ഓഡിറ്റ് എൻക്വയറി - 14/24.11.21 ന് മറുപടിയായി ശ്രീമതി.റാഹില നിലവിലും സംരംഭം തുടർന്നുവരുന്നുണ്ട് എന്നും പദ്ധതി നടത്തിപ്പിൽ മാർഗരേഖയിലെ നിബന്ധനകൾ പാലിച്ചിട്ടില്ല എന്നത് മനപൂർവമല്ല എന്നും തുടർവർഷങ്ങളിൽ പദ്ധതി നടത്തിപ്പിൽ വ്യവസ്ഥകൾ പാലിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

പരിശോധനയൂണിറ്റിന്റെ പ്രവർത്തനം മാർഗരേഖയിലെ നിർദേശങ്ങൾക്കനുസരിച്ച് പി.എച്ച്.സി.മെഡിക്കൽ ഓഫീസർ പരിശോധിക്കുകയും, എച്ച്.എം.സി ഫീസ് നിശ്ചയിക്കുകയും ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. ഭാവിയിൽ സബ് സിഡി മാർഗരേഖയിലെ വ്യവസ്ഥകൾ പാലിച്ച് മാത്രം ധനസഹായ പദ്ധതികൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-30 എസ്.സി.വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണപദ്ധതി- അപാകതകൾ

പ്രൊജക്ട് നം. -137/20, എസ്.സി.വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ

അടങ്കൽ-105000 (വികസന ഫണ്ട്)

ചെലവ് - 104943

ബിൽ നം- 11/24.4.19

ഗ്രാമപഞ്ചായത്തിലെ എസ്.സി വിദ്യാർത്ഥികൾക്ക് ടേബിളും ചെയറും നൽകുന്നതിനായി 2018-19 ലാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. 2019-20 ൽ പദ്ധതി പ്രകാരം ആർട്ട്കോയിൽ നിന്നും ടേബിളും ചെയറും വാങ്ങി 21 വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

പദ്ധതിയുടെ നിർവഹണത്തിലെ അപാകതകൾ താഴെ പറയുന്നു .

| സബ്സിഡി മാർഗരേഖ പ്രകാരമുള്ള നിബന്ധനകൾ | റിമാർക്സ് |
|---|---|
| സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമാണ് പഠനോപകരണങ്ങൾ നൽകേണ്ടത്. | സ്കൂളുകളിൽനിന്ന് ലിസ്റ്റ് വാങ്ങിയെങ്കിലും പ്രസ്തുത ലിസ്റ്റ് പ്രകാരമല്ല ഗുണഭോക്താക്കളെ തിരഞ്ഞെടുത്തത്. |
| ഫർണീച്ചർ വാങ്ങി സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണം | പഞ്ചായത്ത് നേരിട്ട് വിതരണം ചെയ്തു. |
| ഒരു വിദ്യാർത്ഥിക്ക് ഒരു പഠനകാലയളവിൽ ഒരിക്കൽ മാത്രം | ഓരോ വർഷത്തേയും ഗുണഭോക്താക്കളുടെ വിവരം ഉൾപ്പെടുത്തി രജിസ്റ്റർ */ഡാറ്റബേസ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല.* അതിനാൽ ഗുണഭോക്താക്കൾ മുൻവർഷങ്ങളിൽ ആനുകൂല്യം കൈപ്പറ്റിയവരാണോ എന്ന് ഉറപ്പുവരുത്താൻ *കഴിയില്ല.* |
| മറ്റ് വകുപ്പിൽ നിന്ന് ഇതേ ആനുകൂല്യം ലഭിച്ചവർക്ക് അർഹതയില്ല | മറ്റ് വകുപ്പുകളിൽ നിന്നും വിവരം/ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല |

ശരണ്യദാസ് എന്ന ഗുണഭോക്താവിന്റെ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റും കൈപ്പറ്റ് രസീതിയും മാത്രമാണ് ഫയലിൽസൂക്ഷിച്ചിട്ടുള്ളത്. വിദ്യാർത്ഥിയാണ് എന്ന് തെളിയിക്കുന്ന രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.

അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/22.11.2021) മറുപടിയായി സ്കൂളുകളിൽ നിന്നുള്ള ലിസ്റ്റ് കമ്മിറ്റിയിൽ അവതരിപ്പിച്ചെങ്കിലും വാർഡ് മെമ്പർമാർ തരുന്ന ലിസ്റ്റ് പ്രകാരം പ്രൊജക്ട് നടപ്പിലാക്കിയാൽ മതി എന്നാണ് കമ്മിറ്റി നിർദേശിച്ചത് എന്നും അതിനാലാണ് നേരിട്ട് വിതരണം ചെയ്യേണ്ടിവന്നത് എന്നും തുടർവർഷങ്ങളിൽ സബ്സിഡി മാർഗരേഖ പ്രകാരം തന്നെ ചെയ്യാൻ ശ്രമിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ മാർഗരേഖയിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

1-31 കോഴ്സ് പൂർത്തീകരിച്ചതിനുശേഷം ലാപ്ടോപ്പ് അനുവദിച്ചു

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്ട് നം. 157/20, എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്ടോപ്

അടങ്കൽ -120466 (വികസന ഫണ്ട്)

ചെലവ് - 120466

ബിൽ നം- 12/24.4.19

ഗ്രാമപഞ്ചായത്തിലെ എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതിനായി 2018-19 ലാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ടെണ്ടർ മുഖേന ടങ്സ്റ്റൺ കൺസ്യൂമർ ഗുഡ്സ് എന്ന സ്ഥാപനത്തിൽ നിന്നും 24093.23- രൂപ നിരക്കിലാണ് ലാപ്ടോപ്പുകൾ വാങ്ങിയിട്ടുള്ളത്. 2019-20ൽ 5

വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പുകൾ നൽകിയിട്ടുണ്ട്

അർഹതാ രേഖകൾ പ്രകാരം 2018-19 വർഷത്തിൽ പഠനം പൂർത്തിയാക്കിയ ആദർശ് എന്ന വിദ്യാർത്ഥിക്കും 2019-20 വർഷത്തിൽ ലാപ്ടോപ്പ് നൽകിയിട്ടുണ്ട്. ഇൻവോയിസുകൾ പരിശോധിക്കുമ്പോൾ 4/2019 ലാണ് ലാപ്ടോപ്പുകൾ നൽകിയിട്ടുള്ളത്. പഠനം അവസാനിച്ചതിനുശേഷം ലാപ്ടോപ്പുകൾ നൽകിയതിനാൽ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം പൂർണ്ണമാകുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന കോഴ്സ് | കോഴ്സ് സർട്ടിഫിക്കറ്റ് |
|---|---|---|
| ആദർശ് എസ്. | ഐ.ടി. ഡിപ്ലോമ (ഗവ.പോളിടെക്നിക് കോളേജ്, പുറപ്പുഴ) | നം- C/371/2019 /6.4.19 |

ഓഡിറ്റ് എൻക്വയറി - 4/22.11.21 ന് മറുപടിയായി ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടതിനാലാണ് 2018-19 ൽ വിദ്യാഭ്യാസം പൂർത്തിയായെങ്കിലും ലാപ്ടോപ് നൽകിയത് എന്നാണ് മറുപടി നൽകിയത്. പദ്ധതി നടത്തിപ്പിൽ കാലതാമസം ഉണ്ടാവുമ്പോൾ നിർവഹണസമയത്ത് ഗുണഭോക്താവിന്റെ അർഹത പരിശോധിച്ച് ഉറപ്പുവരുത്തേണ്ടത് നിർവഹണഉദ്യോഗസ്ഥന്റെ ചുമതലയാണ്.

കോഴ്സ് കാലയളവിൽ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകിയിരുന്നുവെങ്കിൽ മാത്രമേ വിദ്യാർത്ഥികളുടെ പഠനാവശ്യങ്ങൾക്ക് പദ്ധതി പ്രയോജനപ്പെടുകയുള്ളൂ. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാനും വിദ്യാഭ്യാസആവശ്യങ്ങൾക്കായി നൽകുന്ന ലാപ്ടോപ് വിദ്യാർത്ഥികൾക്ക് മാത്രം വിതരണം ചെയ്യുവാനും ശ്രദ്ധിക്കേണ്ടതാണ്.

1-32 കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട്-വ്യവസ്ഥകൾ പാലിച്ചില്ല

പ്രൊജക്ട് നം- 45/20 കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട്.

അടങ്കൽ- 425000

ചെലവ് - 91000

ബിൽനം -43/31.3.20-48000

- 44/30.3.20-43000

പദ്ധതി പ്രകാരം 7 യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകിയിട്ടുണ്ട്. സബ് സിഡി മാർഗരേഖ - സ.ഉ(കൈ)22/18/ തസ്വഭവ/14.2.18 -ഖണ്ഡിക 7.8.3 പ്രകാരം യൂണിറ്റുകൾക്ക് വ്യക്തമായവായ്പ അധിഷ്ഠിതമായ തൊഴിൽ സംരംഭം പ്രൊജക്ടിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് റിവോൾവിംഗ് ഫണ്ട് നൽകാവുന്നത്. എന്നാൽ അപ്രകാരമുള്ള പ്രൊജക്ടുകളോ തൊഴിൽ സംരംഭങ്ങളോ ഇല്ലാതെ സി.ഡി.എസ് ലിസ്റ്റ് പ്രകാരമുള്ള കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുകയാണ് ചെയ്തത്. ഓഡിറ്റ് എൻക്വയറി നം - 14/24.11.21 ന് കുടുംബശ്രീ യൂണിറ്റുകളെല്ലാം തയ്യൽ, അച്ചാർ നിർമ്മാണം, ഫുഡ് പ്രൊഡക്ട്സ് നിർമ്മാണം എന്നിങ്ങനെ വിവിധ തൊഴിൽ ചെയ്യുന്നവരാണ് എന്ന് സി.ഡി.എസ് അറിയിച്ചിട്ടുണ്ട് എന്നാണ് മറുപടി നൽകിയത്. എന്നാൽ ഇത് സംബന്ധിച്ച രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഓരോ യൂണിറ്റും വായ്പ അധിഷ്ഠിത തൊഴിൽ സംരംഭം നടത്തുന്നത് സംബന്ധിച്ച പ്രൊജക്ട് റിപ്പോർട്ട്, ബാങ്ക് വായ്പ രേഖകൾ തുടങ്ങിയവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. സബ്സിഡി മാർഗരേഖയിലെ വ്യവസ്ഥകൾ പാലിച്ച് മാത്രം ധനസഹായ പദ്ധതികൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-33 മാലിന്യ സംസ്കരണപദ്ധതികൾ നടപ്പിലാക്കിയില്ല

കേരള പഞ്ചായത്ത് രാജ് നിയമം 166 പട്ടിക 3 പ്രകാരം ശുചിത്വ മാലിന്യ സംസ്കരണം എന്നിവ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ് ഇതിനാവശ്യമായ പദ്ധതികൾ നടപ്പാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്. നവകേരള കർമ്മ പദ്ധതിയുടെ ഭാഗികമായി സർക്കാർ പ്രഖ്യാപിച്ച വികസന മിഷനുകളിൽ ഒന്നായ ഹരിത കേരള മിഷന്റെ ദൗത്യങ്ങളിൽ ഒന്നാണ് ശുചിത്വവും മാലിന്യ സംസ്കരണവും. ജി.ഒ(പി)11/18/ തസ്വഭവ/20.01.2018 പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ സ7-1സി പ്രകാരം ഇതിനാവശ്യമായ പദ്ധതികൾ പഞ്ചായത്ത് നടപ്പിലാക്കണം. ജൈവമാലിന്യങ്ങൾ ഉറവിടങ്ങളിൽ പരിപാലിക്കുന്നതിനും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് പുനചംക്രമണത്തിന് വിധേയമാക്കുന്നതിനുമുള്ള സൗകര്യങ്ങൾ സൃഷ്ടിക്കേണ്ടതുണ്ട്.

ഗ്രാമപഞ്ചായത്തിൽ വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി ഇതിനായി പദ്ധതികൾ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിലും നടപ്പിലാക്കിയിട്ടില്ല.

വിശദാംങ്ങൾ ചുവടെ ചേർക്കുന്നു

| പ്രൊജക്ട് | വകയിരുത്തിയ തുക |
|---|---|
| 110/20 ബയോഗ്യാസ് പ്ലാന്റ് വിതരണം(new) | 148500 |
| 194/20 ബയോഗ്യാസ് പ്ലാന്റ് വിതരണം(S.O) | 81000 |
| 114/20 ബയോപോട്ട് | 761050 |
| 197/20 വയബിലിറ്റി ഗ്യാപ് ഫണ്ട് (So) | 315000 |
| 282/20 സ്കൂളുകളിൽ ബിൻ സ്ഥാപിക്കൽ | 143100 |

പദ്ധതികൾക്ക് 2020-21 ൽ സ്പിൽ ഓവർഅംഗീകാരം വാങ്ങിയെങ്കിലും തുക ചെലവ് ചെയ്തിട്ടില്ല. ആവശ്യമായ ഫണ്ടുണ്ടായിട്ടും മാലിന്യ നിർമ്മാർജന പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (22/27.11.21)ന് മറുപടി ലഭ്യമായില്ല.

മാലിന്യനിർമാർജനത്തിലുള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-34 എസ്.സി മേൽക്കൂര ബലപ്പെടുത്തൽ പദ്ധതി -അപാകതകൾ

പ്രോജക്ട് - എസ്.സി മേൽക്കൂര ബലപ്പെടുത്തൽ (152/20-21)

നിർവ്വഹണം - വി.ഇ.ഒ (കുഴവേലിപ്പടി സർക്കിൾ)

| | അടങ്കൽ | ചെലവ് |
|---|---|---|
| SCP | 815334 | 815334 |
| തനത് ഫണ്ട് | 3024666 | 844666 |

പഞ്ചായത്തിലെ എസ്.സി. വീടുകൾക്ക് മേൽക്കൂരമാറ്റുന്നതിനായാണ് 2018-19 പദ്ധതി തയ്യാറാക്കിയത്. 2019-20 ൽ സ്പിൽ ഓവറായി നടപ്പിലാക്കിയ പദ്ധതിയിൽ ഒരു ഗുണഭോക്താവിന് 100000 രൂപ വരെയാണ് പരമാവധി ധനസഹായം നൽകാവുന്നത്.

പദ്ധതി പ്രകാരം 40000 രൂപ വീതം മുൻകൂറായി കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ മെയിന്റനൻസ് പൂർത്തിയാക്കിയിട്ടില്ല.

1 ) ദുളുവൻ.കെ.പി

2) ദേവി.എം.കെ

3) അജിത വേലായുധൻ

4) കണ്ണപ്പൻ

5) ചന്ദ്രൻ

പദ്ധതി പ്രകാരം ധനസഹായം (100000) പൂർണ്ണമായും കൈപ്പറ്റിയ താഴെ പറയുന്നവരുടെ ഫയലിൽ വാല്യൂവേഷൻ സർട്ടിഫിക്കറ്റ് സൂക്ഷിച്ചിട്ടില്ല

1) ശശിധരൻ

2) ഓമന

(ഓഡിറ്റ് എൻക്വയറി - 22/27.11.21)

തുടർനടപടികൾ സ്വീകരിച്ച് അപാകതകൾ പരിഹരിക്കേണ്ടതും രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

1-35 LED തെരുവ് വിളക്ക് സ്ഥാപിക്കൽ - അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നം., പേര് | എസ് 0166 / 20 , LED തെരുവ് വിളക്ക് സ്ഥാപിക്കൽ |
| അടങ്കൽ | 695438 /- (ധനകാര്യകമ്മീഷൻ അവാർഡ് ) |
| ചെലവ് | 657359 /- ബിൽ നം. 06 , 30.07.19 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പഞ്ചായത്തിൽ 2017-18 വാർഷികപദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുവാൻ ഉദ്ദേശ്ശിച്ച LED തെരുവ് വിളക്ക് സ്ഥാപിക്കൽ എന്ന പദ്ധതിയുടെ ചെലവുകൾ 2018-19,2019-20 വർഷങ്ങളിലാണ് വന്നിട്ടുള്ളത്. പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ഇ ടെണ്ടർ വിളിച്ച് Crystal Agencies, Calicut എന്ന സ്ഥാപനത്തിന്റെ ടെണ്ടർ സ്വീകരിക്കുകയും 16.03.18 ലെ Procurement Committee യുടെ ശുപാർശ അംഗീകരിച്ച് ടി സ്ഥാപനത്തിന് വിതരണാനുമതി നല്കുകയും ചെയ്തു. 28.03.18 നാണ് സ്ഥാപനവുമായി പഞ്ചായത്ത് 2വർഷത്തെ കരാറിലേർപ്പെട്ടത്. 29.01.19 ലെ ടാക്സ് ഇൻവോയ്സ് നം. 1386 പ്രകാരമുള്ള 657359/- രൂപ {330 LED – 40 W @ 1992/- (Tax Included)} നല്കിയതിനുള്ള ചെലവ് മാത്രമാണ് 2019-20 ൽ വന്നിട്ടുള്ളത്. 2018-19 ൽ ഈ പ്രൊജക്ടിനുവേണ്ടി വികസനഫണ്ടിൽ (സാധാരണ വിഹിതം) നിന്നും 12,00,000/- രൂപയും ധനകാര്യകമ്മീഷനിൽ നിന്നും 9,04,562/- രൂപയും (ആകെ 21,04,562/-) ചെലവഴിച്ചിരുന്നു. 21 വാർഡുകളിൽ 50 LED കൾ വീതം ആകെ 1050 LED കൾ സ്ഥാപിച്ചിട്ടുള്ളതായി അതത് വാർഡ് മെമ്പർമാർ 2018 നവംബർ മാസത്തിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പ്രൊജക്ട് നടപ്പിലാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുകയുണ്ടായി.

1) 28.03.18 ന് സെക്യൂരിറ്റി ഡെപ്പോസിറ്റായി 1,40,000/- രൂപ NEFT മുഖേന ട്രാൻസ്ഫർ ചെയ്തതായി അറിയിച്ചുകൊണ്ട് Crystal Agencies ഒരു വെള്ള കടലാസിൽ എഴുതിയ കത്ത് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്. സെക്യൂരിറ്റി ഡെപ്പോസിറ്റ് ലഭിച്ചിട്ടുള്ളതിനാൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള സെക്രട്ടറിയുടെ കത്ത് (എ3-8/18 ,02.05.18) ഫയലിലുണ്ട്. എന്നാൽ 2018-19, 2019-20 വർഷങ്ങളിലെ വാർഷികധനകാര്യപത്രിക, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവയിൽ ഇങ്ങനെ ഒരു വരവില്ല. 11.01.2018 ൽ സമർപ്പിച്ച ടെണ്ടർ ഫോമിൽ EMD യിനത്തിൽ 28,000/- രൂപ ഒടുക്കിയതായി പറഞ്ഞിട്ടുണ്ടെങ്കിലും 2017-18 വർഷത്തെ വാർഷിക ധനകാര്യപത്രികയിലും ഡെപ്പോസിറ്റ് രജിസ്റ്ററിലും വരവ് വന്നിട്ടില്ല .

2)LED ലൈറ്റുകളുടെ ആവശ്യകതാനിർണ്ണയം നടത്താതെ എല്ലാ വാർഡുകളിലും ഒരു നിശ്ചിത എണ്ണം എന്ന രീതിയിലാണ് വാങ്ങൽ നടത്തിയിട്ടുള്ളത് .

3) സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചതിന്റെ ഇൻസ്റ്റലേഷൻ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. 1050 സ്ട്രീറ്റ് ലൈറ്റുകൾ സപ്ലൈ ചെയ്തതായി Crystal Agencies, Calicutന്റെ വെള്ള പേപ്പറിൽ ടൈപ്പ് ചെയ്ത ഒരു കത്തും 330 സ്ട്രീറ്റ് ലൈറ്റുകൾ സപ്ലൈ ചെയ്തതിന്റെ വേറൊരു കത്തും മാത്രമാണ് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുള്ളത്. സ്ഥാപനത്തിനുവേണ്ടി ആര്, എന്ന് ഈ കത്ത് നല്കി മുതലായ കാര്യങ്ങൾ ടി കത്തിൽ ഇല്ല.

സ്ഥാപനത്തിന്റെ സീലും ഇല്ല.

4) വാങ്ങിയ സ്ട്രീറ്റ് ലൈറ്റുകൾ സ്റ്റോക്കിലെടുത്തിട്ടില്ല.

5)സ്ട്രീറ്റ് ലൈറ്റ് ലിസ്റ്റ് ഹാജരാക്കിയെങ്കിലും ഓരോ വാർഡിലെയും വിളക്കുകളുടെ എണ്ണം അതത് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ നിന്നും ലഭിച്ച കത്തുകളുടെ അടിസ്ഥാനത്തിൽ ക്രോഡീകരിച്ച് വെച്ചിട്ടില്ല.

6) 2019-20 ൽ സ്ഥാപിച്ച LED ലൈറ്റുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നില്ല എന്ന മെമ്പർമാരുടെ ആക്ഷേപം 06.09.19, 03.10.19 തീയതികളിൽ കമ്മിറ്റി ചർച്ച ചെയ്തതായി മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്ട്രീറ്റ് ലൈറ്റ് പരാതി രജിസ്റ്റർ പരിശോധിച്ചതിൽ ടി കാലയളവിൽ പരാതികൾ ഒന്നും ബോധിപ്പിച്ചിട്ടില്ലാത്തതായി കാണുകയുണ്ടായി. ടി ലൈറ്റുകളുടെ അറ്റകുറ്റപ്പണികൾ ആര്, എപ്പോൾ നടത്തി എന്നീ കാര്യങ്ങൾ വ്യക്തമല്ല.

7) 2019-20 ൽ കരാറുകാരന് 645619/- രൂപ നല്കിയിട്ടുണ്ട്. കരാർ പ്രകാരം സാധനങ്ങൾ സപ്ളൈ ചെയ്തതിന് ബില്ലിൽ നിന്നും നിയമാനുസൃതം TDS ആയി കുറവ് ചെയ്യേണ്ട GST, (2,50,000/- രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക്) നല്കിയ തുകയ്ക്ക് അനുസൃതമായി കുറയ്ക്കാതെ അനുവദിച്ചത് കാരണം കരാറുകാരന് അധികം തുകനല്കിയിട്ടുണ്ട് .

ഈടാക്കേണ്ടിയിരുന്ന GST : 645619 ന്റെ 2 % = 12912/-

ഈടാക്കിയ GST : 11740/-

ഈടാക്കിയതിൽ കുറവ് : 12912 - 11740 = 1172/-

2017-18 ൽ ആരംഭിച്ച ഈ പ്രൊജക്റ്റിന് വേണ്ടി 2018-19, 2019-20 വർഷങ്ങളിലാണ് തുക ചെലവഴിച്ചിട്ടുള്ളത്. വർഷം തിരിച്ചുള്ള ചെലവ് വിവരം (KSEB ക്ക് നല്കിയ സൂപ്പർവിഷൻ ചാർജ്, മറ്റ് ചെലവുകൾ ഉൾപ്പെടെ) അറിയിക്കുന്നതിനും മുകളിൽ പരാമർശിച്ച അപാകതകൾക്ക് വിശദീകരണം ഹാജരാക്കുന്നതിനും ആവശ്യപ്പെട്ട് നല്കിയ എൻക്വയറികൾക്ക് (നം.19, 26.11.21 & നം. 25, 27.11.21) മറുപടിയിൽ താഴെ പറയുന്ന കാര്യങ്ങൾ അറിയിച്ചു .
ലൈറ്റുകൾ സ്ഥാപിക്കേണ്ട ആവശ്യകത എല്ലായിടത്തും ഒരുപോലെയാണ് എന്ന് വിലയിരുത്തിയാണ് മുഴുവൻ വാർഡുകളിലും തുല്യമായ എണ്ണം വാങ്ങുന്നതിന് തീരുമാനിച്ചത്. അറ്റകുറ്റപ്പണികൾ നടത്തുന്നതിൽ വീഴ്ച വരുത്തിയതിനാൽ സ്ഥാപനത്തിന് സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരിച്ചുനല്കിയിട്ടില്ല. GST ഇനത്തിൽ ഈടാക്കുവാനുള്ള 1172/- രൂപ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു .
വാങ്ങൽ നടപടിയിലെ അപാകത കാരണവും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയതിന്റെ രേഖകളും സ്റ്റോക്ക് രജിസ്റ്ററും ഹാജരാക്കാതിരുന്നതിനാലും മറുപടി സ്വീകാര്യമല്ല .
ഫയൽ പ്രകാരം പ്രൊജക്റ്റിന്റെ വർഷം തിരിച്ചുള്ള ചെലവ് വിവരം താഴെ ചേർക്കുന്നു .

| ക്രമ നം | വർഷം | പ്രൊജക്റ്റ് നം. | ചെലവ് | |
|---|---|---|---|---|
| 1 | 2017-18 | എസ് 0215 / 18 | ഇല്ല | |
| 2 | 2018-19 | എസ് 0163 / 18 | 12,00,000 /- (വികസനഫണ്ട് സാധാ ) , 23.06.18 | Crystal Agencies -12,00,000 /- |
| | | | 9,04,562 / (ധനകാര്യകമ്മീഷൻഅവാർഡ്) , 19.12.18 | Crystal Agencies -8,80,856 /- |
| | | | | KSEB - 12,964 /- |
| | | | | GST - 10,742 /- |
| 3 | 2019-20 | എസ് 0166 / 18 | 6,57,359 /- 29.07.19 | Crystal Agencies - 6,45,619 /- |

| | |
|---|---|
| | GST – 11740 /- |

സ്ഥാപനം നല്കിയ ബില്ലുകൾ താഴെ പറയും പ്രകാരമാണ് .

1) ഇൻവോയ്സ് നം. 244 / 07.06.18 – 752975 /-

2) ഇൻവോയ്സ് നം. 257 / 11.06.18 – 737039 /-

3) ഇൻവോയ്സ് നം. 888 / 03.11.18 – 131472 /-

4) ഇൻവോയ്സ് നം. 915 / 07.11.18 – 71712 /-

5) ഇൻവോയ്സ് നം.926 / 12.11.18 – 298800 /-

6) ഇൻവോയ്സ് നം.1386 / 29.01.19 – 657359 /-

ടി കമ്പനിയുടെ Suppliers Security Deposit, EMD എന്നിവ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല. ലൈറ്റുകൾ സപ്ളൈ ചെയ്തുവെന്ന് ടൈപ്പ് ചെയ്ത് സ്ഥാപനത്തിന്റെ സീൽ പോലുമില്ലാത്ത വെള്ള പേപ്പർ ഉള്ളടക്കം ചെയ്തിട്ടുണ്ട്. ലൈറ്റുകൾ സ്ഥാപിച്ചതായി സ്ഥാപനം അറിയിച്ചിട്ടില്ല. ലൈറ്റുകൾ സ്റ്റോക്കിലെടുത്തിട്ടില്ല. മതിയായ രേഖകൾ ഹാജരാക്കുന്നതുവരെ 2019-20 ൽ ഈയിനത്തിൽ ചെലവഴിച്ച 6,57,359/- തടസ്സപ്പെടുത്തുന്നു.

## 1-36 ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല -തുക തടസ്സപ്പെടുത്തുന്നു

ഓഡിറ്റ് വർഷം കെ.എസ്.ഇ.ബി., കേരള വാട്ടർ അതോറിറ്റി എന്നീ ഏജൻസികൾക്ക് പ്രവ്യത്തികൾ നടത്തുന്നതിന് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥൻ ആയി താഴെ പറയും പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രവ്യത്തികളുടെ ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല .

I . ഏജൻസി - കെഎസ്ഇബി

| ക്രമ നം. | പ്രവൃത്തിയുടെ നം. , പേര് | നല്കിയ തുക | വിനിയോഗവിവരം ലഭ്യമല്ലാത്തത് |
|---|---|---|---|
| 1 | പ്രൊ. നം. 124/ 20, വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 896765/- (തനത് ഫണ്ട് ), വൗച്ചർ നം. 21900690 / 30.11.19 | 896765/- |
| 2 | പ്രൊ. നം. 167 / 20, വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 321349 -(ധനകാര്യകമ്മീഷൻ അവാർഡ് ), വൗച്ചർ നം. 21900556 / 19.08.19 | 321349/- |
| 3 | പ്രൊ. നം. 172 / 20 ,സ്ട്രീറ്റ് ലൈൻ വലിക്കൽ വാർഡ് 2, 6, 12, 14, 17, 18, 21 | 79839 /-(ധനകാര്യകമ്മീഷൻ അവാർഡ് ), വൗച്ചർ നം. 21900554 / 17.08.19 | 79839/- |
| 4 | പ്രൊ. നം. 174 / 20, ഇലക്ട്രിക് പോസ്റ്റ് മാറ്റിയിടൽ -വാർഡ് 1, 14 | 9066 /- (ധനകാര്യകമ്മീഷൻ അവാർഡ് ) , വൗച്ചർ നം. 21900989 / 27.11.19 & 24540/- (തനത് ഫണ്ട് )വൗച്ചർ നം. 21901111 / 01.03.20 | 33606/- |
| 5 | പ്രൊ. നം. 228 / 20 ,സ്ട്രീറ്റ് ലൈൻ വലിക്കൽ വാർഡ് 17 | 152463/- (തനത് ഫണ്ട് ) വൗച്ചർ നം. 21900474 / 31.10.19 | 152463/- |
| 6 | പ്രൊ. നം. 232 / 20 ,സ്ട്രീറ്റ് ലൈൻ വലിക്കൽ വാർഡ് 14, 16 | 37312 /- (തനത് ഫണ്ട് ) വൗച്ചർ നം. 21901054 / 31.03.20 | 37312/- |
| 7 | പ്രൊ.നം.295/20, സ്ട്രീറ്റ് ലൈൻ | 55000/- (തനത് ഫണ്ട്) | 55000/- |

| | | | |
|---|---|---|---|
| | വലിക്കൽ | വൗച്ചർ നം. 21901181/01.03.20 | |
| ആകെ | | | 1576334/- |

ഏജൻസി - കേരള വാട്ടർ അതോറിറ്റി

| ക്രമ നം. | പ്രവൃത്തിയുടെ പേര് | നല്കിയ തുക | വിനിയോഗവിവരം ലഭ്യമല്ലാത്തത് |
|---|---|---|---|
| 1 | പ്രൊ. നം. 132 / 20 , കുടിവെള്ളപൈപ്പ് ലൈൻ വലിക്കൽ | 100000 /- (തനത് ഫണ്ട് ) വൗച്ചർ നം. 21900856 / 27.01.20 | 100000 /- |
| 2 | പ്രൊ. നം. 173 / 20 , കുടിവെള്ളപൈപ്പ് ലൈൻ വലിക്കൽ വാർഡ് 6 , 19 | 150000 /- (ധനകാര്യകമ്മീഷൻ അവാർഡ് ) വൗച്ചർ നം. 21900856 / 27.01.20 & 6000/- (തനത് ഫണ്ട് ) വൗച്ചർ നം. 21900417 / 30.09.19 | 156000 /- |
| 3 | പ്രൊ. നം. 201 / 20 ,കുടിവെള്ളപൈപ്പ് ലൈൻ വലിക്കൽ വാർഡ് 6 | 110000 /- (ധനകാര്യകമ്മീഷൻ അവാർഡ് ) വൗച്ചർ നം. 219001124 / 21.01.20 | 110000 /- |
| 4 | പ്രൊ. നം. 202 / 20 ,കുടിവെള്ളപൈപ്പ് ലൈൻ വലിക്കൽ വാർഡ് 21 | 21000 /- (വികസന ഫണ്ട് ) വൗച്ചർ നം. 219000135 / 04.02.20 & 225000 /-(തനത് ഫണ്ട് ) വൗച്ചർ നം. 21900805 / 22.01.20 | 246000 /- |
| ആകെ | | | 612000 /- |

ടി പ്രവൃത്തികളുടെ ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്തതിനാൽ ടി ഏജൻസികൾക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നല്കിയ തുക 21,88,334/- രൂപ തടസ്സപ്പെടുത്തുന്നു .

1-37 ഗ്യാസ് ക്രമറ്റോറിയം -പദ്ധതി പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രൊജക്ട് നം., പേര് | എസ് 0169 / 20, ഗ്യാസ് ശ്മശാനം സ്ഥാപിക്കൽ |
| അടങ്കൽ | 18,00,000 /- (ധനകാര്യകമ്മീഷൻ അവാർഡ് ) + 15,00,000 /- (സംസ്ഥാനാവിഷ്കൃത ഫണ്ട് ) + 15,40,000 /- (തനത് ഫണ്ട് )<br>ആകെ അടങ്കൽ 48,40,000 /- |
| ചെലവ് | 6,68,000 /- ബിൽ നം.18 / 19 – 20, 27.09.19 |
| നിർവഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |

പഞ്ചായത്തിൽ നിലവിലുള്ള വിറകുപയോഗിച്ചുള്ള ശ്മശാനം ഗ്യാസ് ക്രമറ്റോറിയം ആക്കി മാറ്റുന്നതിന് സെക്രട്ടറി നടപ്പിലാക്കിയ ഈ പ്രൊജക്ട് പ്രകാരം പ്രവർത്തനം നടത്തുന്നതിന് COSTFORD എന്ന ഏജൻസിയെ ഏൽപ്പിച്ചു . COSTFORD സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയായ 33,40,000 /- ന്റെ 20 % തുകയായ 6,68,000 /- രൂപ പ്രാരംഭപ്രവർത്തനങ്ങൾക്ക് നല്കിയിട്ടുണ്ട് . പ്രൊജക്ടിന്റെ ഫയലിൽ Hi Teck Crematorium എന്ന സ്ഥാപനം ശ്മശാനത്തിൽ Gas Furnace സ്ഥാപിച്ചതായി COSTFORD നെ അറിയിച്ചുകൊണ്ടുള്ള കത്തും ബില്ലും ഉള്ളടക്കം ചെയ്തിട്ടുണ്ട്. ശ്മശാനത്തിന്റെ നിലവിലെ പ്രവർത്തനം സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (നം.16, 24.11.21)നിലവിൽ 10 ശതമാനം പ്രവൃത്തി പോലും COSTFORD പൂർത്തീകരിച്ചിട്ടില്ലെന്ന് അറിയിച്ചു. LSGD എൻജിനീയർ പരിശോധിച്ചതുപ്രകാരം 2,45,379/- രൂപയുടെ പ്രവൃത്തി മാത്രമേ നടത്തിയിട്ടുള്ളൂ. പ്രസ്തുത വിവരം കമ്മിറ്റി ചർച്ച ചെയ്യുകയും പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം അവശേഷിക്കുന്ന തുക അനുവദിച്ചാൽ മതിയെന്നും തീരുമാനിച്ചിട്ടുണ്ട്.

(19.01.21ലെ 5(1) നം.തീരുമാനം). ശ്മശാനനിർമ്മാണം പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തികരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ് .

### 1-38 പൊതുടാപ്പുകളുടെ വെള്ളക്കരം -ചെലവ് കുറയുന്നില്ല

ഓഡിറ്റ് വർഷത്തിൽ പഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പ്രതിമാസം 1,17,688/- രൂപ വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. 269 ടാപ്പുകൾക്ക് 5250 /- രൂപ പ്രതിവർഷനിരക്കിലാണ് തുക കണക്കാക്കിയിട്ടുള്ളത്. സ്ട്രീറ്റ് ടാപ്പ് എക്സ്റ്റൻഷൻ, പൈപ്പ് കണക്ഷൻ എന്നിവയ്ക്ക് വേണ്ടി ഓരോ വർഷവും തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും വെള്ളക്കരമിനത്തിൽ കുറവ് വന്നിട്ടില്ല. ഉപയോഗിക്കുന്ന ടാപ്പുകളുടെ കൃത്യമായ എണ്ണം തിട്ടപ്പെടുത്തുന്നതിന് വാട്ടർ അതോറിറ്റിയുമായി ചേർന്ന് പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ഇല്ലെങ്കിൽ അതിന്റെ കാരണവും അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് (നം.7,22.11.21)മറുപടി ഹാജരാക്കിയില്ല. വാട്ടർ അതോറിറ്റി നല്കുന്ന പ്രതിമാസ ബില്ലിൽ കാണിച്ചിട്ടുള്ള കുടിശിക തുകയായ 4732/- രൂപ വരാനുള്ള കാരണവും വ്യക്തമാക്കിയില്ല. വാട്ടർ അതോറിറ്റിയെ അറിയിച്ച് സംയുക്തപരിശോധന നടത്തുന്നതിനും കുടിശ്ശിക ഒടുക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ് .

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. | | |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തി | ബിൽ നമ്പർ/വൌച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 173/20സ്ട്രീറ്റ് ടാപ്പ് എക്സ്റ്റൻഷൻ | 21900545/ 29.07.2019 | 150000 | | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| | | 21900417/ 30.09.2019 | 6000 | | |

| | | | | | |
|---|---|---|---|---|---|
| | 202/20 സ്ട്രീറ്റ് ടാപ്പ് എക്സ്റ്റൻഷൻ | 22000135/ 04.02.20 | 21000 | - | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| | 201/20 സ്ട്രീറ്റ് ടാപ്പ് എക്സ്റ്റൻഷൻ | 21901124/ 21.01.2020 | 110000 | | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| | 202/20 സ്ട്രീറ്റ് ടാപ്പ് എക്സ്റ്റൻഷൻ | 21900805/ 22.01.2020 | 225000 | | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| | 132/20 സ്ട്രീറ്റ് ടാപ്പ് എക്സ്റ്റൻഷൻ | 21900856/ 27.01.2020 | 100000 | | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| കെ എസ് ഇ ബി | 172/20 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21900554/ 17.08.2019 | 79839 | | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| | 167/20 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21900556/ 19.08.2019 | 321349 | | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| | 228/20 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21900474/ 31.10.2019 | 152463 | | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| | 174/20 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ, പോസ്റ്റ് ഷിഫ്റ്റിംഗ് | 21900989/ 27.11.2019 | 9066 | | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| | | 21901111/ 01.03.2020 | 24540 | | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| | 167/20 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ- എസ് സി കോളനി | 21900690/ 30.11.2019 | 896765 | | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| | 295/20 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21901181/ 01.03.2020 | 55000 | | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| | 232/20 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21901054/ 31.03.2020 | 37312 | | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |

ഓഡിറ്റ് വർഷം വാട്ടർ അതോറിറ്റിയിൽ 4945951/- രൂപയും, കെ.എസ്.ഇ.ബിയിൽ 2960804/-രൂപയും ക്രമീകരിക്കപ്പെടാത്ത ഡെപ്പോസിറ്റ് ഇനത്തിൽ നീക്കിയിരുപ്പുണ്ട് (B.18 Schedule: 460500201,460500202). 2016-17 വർഷത്തിൽ പ്രോജക്ട് നം. 195/17 പ്രകാരം വിവിധ വാർഡുകളിൽ ഹൈമാസ്റ്റ് വിളക്കുകൾ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് 16,00,000/-രൂപ മുൻകൂർ നൽകിയത് ധനകാര്യപത്രികയിൽ 460500205 ഹെഡ്ഡിൽ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്.

### 4-3 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ട് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് (എറണാകുളം) | 2019-20 | 1122500 | 67/20 ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി(എസ് സി) | 1122500 | 0 |
| 2 | ജില്ലാ പഞ്ചായത്ത് (എറണാകുളം) | 2019-20 | 500000 | 4/20 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള | 500000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | | സ്കോളർഷിപ്പ് | | |
| 3 | ജില്ലാ പഞ്ചായത്ത് (എറണാകുളം) | 2018-19 | 1300000 | 196/20ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി | 1140000 | 160000 |
| 4 | ബ്ലോക്ക്പഞ്ചായത്ത് (വാഴക്കുളം ബ്ലോക്ക്) | 2019-20 | 109994 | 14/20നെൽകൃഷി വികസനം | 109994 | 0 |
| 5 | ബ്ലോക്ക്പഞ്ചായത്ത് (വാഴക്കുളം ബ്ലോക്ക്) | 2019-20 | 400000 | 67/20 ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി(എസ് സി) | 0 | 400000 |
| 6 | ബ്ലോക്ക്പഞ്ചായത്ത് (വാഴക്കുളം ബ്ലോക്ക്) | 2019-20 | 1473347 | 196/20 ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി | 980000 | 789517 |
| | | 2018-19 | 296170 | | | |
| 7 | ബ്ലോക്ക്പഞ്ചായത്ത് (വാഴക്കുളം ബ്ലോക്ക്) | 2019-20 | 250000 | 193/20 ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി | 200000 | 50000 |
| 8 | ബ്ലോക്ക്പഞ്ചായത്ത് (വാഴക്കുളം ബ്ലോക്ക്) | 2019-20 | 347500 | 4/20 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 347500 | 0 |
| 8 | ബ്ലോക്ക്പഞ്ചായത്ത് (വാഴക്കുളം ബ്ലോക്ക്) | 2019-20 | 611560 | അങ്കണവാടി കെട്ടിട നിർമ്മാണം | 0 | 611560 |

1. 2018-19 ൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം നീക്കിയിരിപ്പ് 1596170/- ആണ് രേഖപ്പെടുത്തിയിരുന്നതെങ്കിലും ഇതിൽ 1300000/- രൂപ യഥാർത്ഥത്തിൽ ജില്ലാപഞ്ചായത്ത് വിഹിതം ആയിരുന്നു. ആയത് 01.04.2019 ൽ ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ തന്നെ ചേർത്ത് ക്രമീകരിച്ചിട്ടുണ്ട്.

2. ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിലെ യഥാർത്ഥ ചെലവ് 1637494/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യപത്രിക I-6 ഷെഡ്യൂളിൽ 1237494/- രൂപയാണ് ചെലവ് ആയി ചേർത്തിരിക്കുന്നത്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ലോൺ (KURDFC) | | 8578975 | 8578975 | 573529 | - | 8005446 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന നിക്ഷേപം | 13263903 |
| തൻവർഷം നിക്ഷേപിച്ച തുക | 46501406 |

| | |
|---|---|
| പലിശ ലഭിച്ചത് | 3590640 |
| ആകെ | 63355949 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 63355949 |

## 4-7 ഓഡിറ്റ് റിക്കവറി

വാർഷിക ധനകാര്യപത്രികയിൽ ഈയിനത്തിൽ വരവ് ഇല്ലെങ്കിലും 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം തൻവർഷം ഈടാക്കിയ തുകയുടെ വിവരം താഴെ കൊടുക്കുന്നു. പ്രയർ പിരീഡ് ഇൻകം-അദർ ഇൻകംസ് എന്ന ഇനത്തിലാണ് വരവ് രേഖപ്പെടുത്തിയിരിക്കുന്നത്. ഓഡിറ്റ് റിക്കവറി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ രജിസ്റ്ററിലും രേഖപ്പെടുത്തൽ ഇല്ല.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഈടാക്കിയ തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | രശീതി നമ്പർ/തീയതി |
|---|---|---|---|---|---|
| 1 | 2017-18 | 2-6 | 851760 | - | 119060400003/ 24.09.2019 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | പ്രത്യേക അവലോകനം | 2011-12 | 3-1 | കൃഷിഭവനങ്ങളുടെ ഭൗതികസൗകര്യ വികസനം | നിയസഭാസമിതിയുടെ തെളിവെടുപ്പ് കഴിഞ്ഞു. തൽസ്ഥിതി വിവരപത്രിക സമർപ്പിച്ചിട്ടുണ്ട് |
| 2013-14 | പ്രവർത്തനാവലോകനം | 2013-14 | 5.3.5.6 | ചെറുകിട പരമ്പരാഗത വ്യവസായങ്ങൾ പരിപോഷിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രാധാന്യം നൽകുന്നില്ല. | നിയസഭാ സമിതിയുടെ തെളിവെടുപ്പ് കഴിഞ്ഞിട്ടില്ല. |
| 2002-03 | പൊതു അവലോകനം | 2006-07 | 3.39.4.4 | ഡെപ്പോസിറ്റ് വർക്ക് (KWA)- പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല | പഞ്ചായത്ത് നൽകിയ മറുപടി നിയമസഭാ സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. |
| 2002-03 | പൊതു അവലോകനം | 2006-07 | 3.39.4.5 | ഡെപ്പോസിറ്റ് വർക്ക് (KSEB)- പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല | പഞ്ചായത്ത് നൽകിയ മറുപടി നിയമസഭാ സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. |
| 2015-16 | തൊഴിൽ നികുതി പ്രത്യേക അവലോകനം | 2016-17 | 2.3 | തൊഴിൽ നികുതി ഈടാക്കിയതിലെ കുറവ് | ന്യൂനതാ പരിഹാര പത്രിക സമർപ്പിച്ച |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ചാർജ് /സർചാർജ് നടപടികളുടെ വിവരം – ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 213732934 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 122680252 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2905558 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 59865/- | ശ്രീമതി. ആൻസി സെബാസ്റ്റ്യൻ, ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 1-35 | 657359/- | ശ്രീമതി. ആരതി ബാബു, സെക്രട്ടറി(ഇൻ ചാർജ്) |
| 1-36 | 2188334/- | ശ്രീമതി. അദിതി ദേവി സെക്രട്ടറി |
| ആകെ | 2905558/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | ഇല്ല. |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.യൂസഫ്.കെ.എ., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ശ്രീമൂലനഗരം ഗ്രമപഞ്ചായത്ത് | കൊല്ലംകുടി വീട്, എടത്തല, ആലുവ |
| ശ്രീമതി. ആരതി ബാബു, സെക്രട്ടറി(ഇൻ ചാർജ്) | അസിസ്റ്റന്റ് സെക്രട്ടറി എടത്തല ഗ്രാമപഞ്ചായത്ത് | 10/134 ഹിവ ഗാർഡൻ വില്ല, ഗോഡ്സ് വില്ലയ്ക്ക് സമീപം, കിഴക്കമ്പലം |

| | | |
|---|---|---|
| ശ്രീമതി. ആൻസി സെബാസ്റ്റ്യൻ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ എടത്തല ഗ്രാമപഞ്ചായത്ത് | കണിയോടിക്കൽ വീട്, എരുമത്തല.പി.ഒ. ചൂണ്ടി. |
| ശ്രീമതി.അദിതി ദേവി സെക്രട്ടറി | സെക്രട്ടറി, മുടക്കുഴ ഗ്രാമപഞ്ചായത്ത് | ചന്ദ്രമന ഇല്ലം, കോട്ടപ്പടി.പി.ഒ എറണാകുളം 686692 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(i)/18, 09.08.18/10.10.18 |
| 1997-98 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(ii)/18, 09.08.18/10.10.18 |
| 1998-99 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(iii)/18, 09.08.18/10.10.18 |
| 1999-00 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(iv)/18, 09.08.18/10.10.18 |
| 2000-01 | എൽ.എഫ്.ഇ.(പി.5)1997/11, 30.03.12 |
| 2001-02 (Non Plan വരവ് ചെലവ്) | എൽ.എഫ്.ഇ.(പി.5)1009/10, 26.04.11 |
| 2001-02 Plan | എൽ.എഫ്.ഇ.(പി.5)1010/10, 24.07.12 |
| 2002-03ചെലവ് | എൽ.എഫ്.ഇ.(പി.5)228/11, 03.05.12 |
| 2003-04 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(v)/18, 09.08.18/10.10.18 |
| 2004-05 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(vi)/18, 09.08.18/10.10.18 |
| 2005-06 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(vii)/18, 09.08.18/10.10.18 |
| 2006-07 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(viii)/18, 09.08.18/10.10.18 |
| 2007-08 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(ix)/18, 09.08.18/10.10.18 |
| 2008-09 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(x)/18, 09.08.18/10.10.18 |
| 2009-10 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(xi)/18, 09.08.18/10.10.18 |
| 2010-11 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(xii)/18, 09.08.18/10.10.18 |
| 2011-12 | കെ.എസ്.എ.-ഇ.കെ.എം.(പി5)1093/16, 01.02.17 |
| 2012-13 | എൽ.എഫ്.ഇ.(പി.5)163/15, 06.06.15 |
| 2013-14 &14-15 | കെ.എസ്.എ.ഇ.കെ.എം.(പി.5)1186/16, 06.03.17 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം.(പി.5)778/17, 24.07.18 |
| 2016-17 | കെ.എസ്.എ.-ഇ.കെ.എം.(പി10)1502/17, 18.07.18 |
| 2017-18 | കെ.എസ്.എ.-ഇ.കെ.എം.(പി10)2205/18, 01-03-2019 |
| 2018-19 | കെ.എസ്.എ.-ഇ.കെ.എം.(പി10)1954/2019, തീയതി.03.01.2020 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ എടത്തല ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ എടത്തല ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്